അടിയന്തരപ്രമേയം

കേസ് പിൻവലിക്കാനുള്ള സർക്കാർ തീരുമാനം

മി. സ്പീക്കർ: 2015 മാർച്ച് 13-ന് കേരള നിയമസഭയിലുണ്ടായ അനിഷ്ട സംഭവങ്ങളെയും പൊതുമുതൽ നശിപ്പിക്കപ്പെട്ട കാര്യത്തെയും അടിസ്ഥാനമാക്കി തിരുവനന്തപുരം ചീഫ് ജുഡിഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ സി.സി. 790/16 നമ്പരായി നിലനിൽക്കുന്ന കേസ് പിൻവലിക്കാനുള്ള സർക്കാർ തീരുമാനം നിയമവ്യവസ്ഥയിൽ ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെടുവാനിടയാക്കിയതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ വി. ഡി. സതീശൻ, പി. കെ. ബഷീർ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംസാരിക്കുന്നതിനുമുമ്പ് ചെയർ ഒരു വാചകമേ കമന്റ് പറയുന്നുള്ളൂ. നമ്മുടെ സഭയിൽനിന്ന് പുറത്തേയ്ക്ക് വമിക്കുന്ന ചർച്ചകളും ചിന്തകളും പൊതുസമൂഹത്തിന് ഗുണകരമാകുന്ന നിലയിൽ മാത്രമായിരിക്കണം ഈ വിഷയം ഇവിടെ ചർച്ച ചെയ്യേണ്ടതെന്ന് ദയവായി അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, 13.03.2015-ൽ സഭയിലുണ്ടായ സംഭവങ്ങൾ സംബന്ധിച്ച് അന്നത്തെ നിയമസഭാ സെക്രട്ടറി നൽകിയ പരാതിയിന്മേൽ പോലീസ് രജിസ്റ്റർ ചെയ്ത ഒരു കേസും അന്നത്തെ രണ്ട് വനിതാ എം.എൽ.എ.-മാർ നേരിട്ട് കോടതിയിൽ ഫയൽ ചെയ്ത രണ്ട് കേസും തിരുവനന്തപുരം മജിസ്ട്രേറ്റ് കോടതികളിൽ നിലവിലുണ്ട്. 13-ാം നിയമസഭയിലെ അന്നത്തെ സാമാജികരാണ് ഈ കേസ്സുകളിലെ പ്രതികളും സാക്ഷികളും. അന്നത്തെ നിയമസഭാ സ്പീക്കർക്ക് മൂന്ന് പരാതികൾ ലഭിച്ചപ്പോൾ അതിൽ ഒന്നുമാത്രം ഒരു ഉദ്യോഗസ്ഥൻ സഭയുടെ അനുമതിയില്ലാതെ പോലീസിന് കൈമാറിയതിനെത്തുടർന്നാണ് കേസ് രജിസ്റ്റർ ചെയ്തത്. ആ നടപടി വിവേചനപരമായിരുന്നു എന്ന പരാതി അന്നുതന്നെ ഉയർന്നുവന്നിരുന്നു. പോലീസ് രജിസ്റ്റർ ചെയ്ത കേസിലെ പ്രധാന ആരോപണം പൊതുമുതൽ നശിപ്പിക്കലാണ്. വനിതാ എം.എൽ.എ.-മാർ ഫയൽ ചെയ്ത കേസിലെ കുറ്റകൃത്യം സ്ത്രീകളെ പരസ്യമായി മാനഭംഗപ്പെടുത്തുകയും ദേഹോപദ്രവം ചെയ്തതുമാണ്. വനിതാ എം.എൽ.എ.-മാരെ സഭയ്ക്കകത്തുവച്ച് ദേഹോപദ്രവം ഏൽപ്പിക്കുകയും അതിൽ ഒരു എം.എൽ.എ. ബോധരഹിതയായി സഭയിൽ വീഴുകയും മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഐ.സി. യൂണിറ്റിൽ അഡ്മിറ്റ് ചെയ്യുകയുമുണ്ടായി. അവരെല്ലാം

സ്പീക്കർക്ക് പരാതി എഴുതി സമർപ്പിച്ചു. എന്നാൽ അദ്ദേഹം അതിന്മേൽ നടപടി സ്വീകരിച്ചില്ല. അവർ ഡി.ജി.പി.-ക്കും പരാതി നൽകി. അതിലും നടപടിയുണ്ടായില്ല. അതിനാൽ അവർ കോടതിയിൽ പോയി. അന്നത്തെ വനിതാ എം.എൽ.എ.-മാർ വാദികളായി ഫയൽ ചെയ്ത രണ്ട് കേസ്സുകളും കോടതിയുടെ പരിഗണനയിലാണ്. പ്രതികളായ എം.എൽ.എ.-മാർ ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്ത് താൽക്കാലിക സ്റ്റേ സമ്പാദിച്ചിട്ടുണ്ട്. ഇരുവിഭാഗം കേസ്സുകളിലുമായി 13-ാം നിയമസഭയിലെ സാമാജികർ വാദികളായും പ്രതികളായും സാക്ഷികളായും കോടതികളിൽ നിരന്തരം ഹാജരാകേണ്ട സ്ഥിതിയാണ് നിലവിലുള്ളത്. അഭിലഷണീയമല്ലാത്ത ഈ സ്ഥിതി ഒഴിവാക്കാൻ കഴിഞ്ഞ സർക്കാരിന്റെ സമയത്തുതന്നെ ബഹുമാന്യനായ അന്നത്തെ സ്പീക്കർ ശ്രീ. ശക്തൻ നാടാർ മുൻകയ്യെടുത്ത് നടപടി സ്വീകരിച്ചിരുന്നു. അതിന്റെ തുടർ നടപടിയാണ് ഈ സർക്കാർ ഇപ്പോൾ പ്രോസിക്യൂട്ടർക്ക് നൽകിയ കത്ത്. പോലീസെടുത്ത കേസ് കോടതിയുടെ സമ്മതത്തോടെ പിൻവലിക്കുന്നതിന് സർക്കാരിന് എതിർപ്പില്ലെന്ന് മാത്രമാണ് അറിയിച്ചിട്ടുള്ളത്. സിആർ.പി.സി. 321-ാം വകുപ്പനുസരിച്ച് ഒരു ക്രിമിനൽ കേസിന്റെ ചുമതലയുള്ള പബ്ലിക് പ്രോസിക്യൂട്ടർക്ക് കോടതിയുടെ സമ്മതത്തോടുകൂടി ആ കേസ് പിൻവലിക്കാനുള്ള അപേക്ഷ കോടതിയിൽ

സമർപ്പിക്കാനുള്ള സ്വാതന്ത്ര്യം നൽകാൻ മാത്രമേ സർക്കാരിന് അധികാരമുള്ളൂ. വസ്തുതകൾ പരിശോധിച്ച് വേണ്ട മേൽ നടപടികൾ സ്വീകരിക്കേണ്ടത് പ്രോസിക്യൂട്ടറാണ്. പ്രോസിക്യൂട്ടർക്ക് സ്വന്തം വിവേചനാധികാരം ഉപയോഗിച്ച് യുക്തമായ തീരുമാനമെടുക്കാൻ സ്വാതന്ത്ര്യവുമുണ്ട്. പ്രോസിക്യൂട്ടർ തീരുമാനമെടുക്കുന്നത് വിശാലമായ പൊതുതാല്പര്യം മുൻനിർത്തിയായിരിക്കും. കോടതിയും ഈ തത്വത്തിന്റെ അടിസ്ഥാനത്തിലായിരിക്കും തീരുമാനമെടുക്കുന്നത്. അന്നേ ദിവസം സഭയിൽ നടന്ന സംഭവത്തിൽ ഒരു വിഭാഗത്തിന്റെ പരാതി പാടെ അവഗണിക്കപ്പെട്ടു. പ്രത്യേകിച്ചും വനിതാ എം.എൽ.എ. മാരെ അപമാനിക്കുകയും ദേഹോപദ്രവം ഏൽപ്പിക്കുകയും ചെയ്ത സംഭവം തൽസമയ സംപ്രേക്ഷണംവഴി ലോകം മുഴുവൻ കണ്ടതാണ്. കോടതി തെളിവെടുത്തശേഷം പ്രഥമദൃഷ്ട്യാ ബോധ്യപ്പെട്ടാണ് ആ കേസിൽ പ്രതികൾക്ക് സമൻസ് അയച്ചത്. സംസ്ഥാനത്ത് മുമ്പും പല കേസ്സുകളും സർക്കാരുകൾ പിൻവലിച്ചിട്ടുണ്ട്. നിയമസഭ പോലുള്ള ഭരണഘടനാ സ്ഥാപനത്തിന് ഉന്നതമായ പദവിയാണുള്ളത്. വേണ്ടത്ര ആലോചനയോ പരിശോധനയോ ഇല്ലാതെ സഭയുടെ ഉള്ളിലുണ്ടായ സംഭവത്തെത്തുടർന്ന് ക്രിമിനൽ നടപടിച്ചട്ടങ്ങളിലേയ്ക്ക് വലിച്ചിഴക്കപ്പെടുന്ന സാഹചര്യം നമ്മുടെ ജനാധിപത്യ വ്യവസ്ഥയ്ക്ക് ഭൂഷണമല്ല. സഭയുടെ

അകത്തുനടക്കുന്ന ഏതൊരു കാര്യം സംബന്ധിച്ചും ഈ സഭയുടെ കൂട്ടായ തീരുമാനം ആവശ്യമാണ്. അന്നത്തെ സഭയുടെ അംഗീകാരമോ സഭാനേതാവിന്റെ പ്രമേയമോ ഇല്ലാതെ കേവലം ഒരുദ്യോഗസ്ഥൻ, നിയമസഭാ സെക്രട്ടറി ആധികാരികതയില്ലാതെ നൽകിയ പരാതിയെത്തുടർന്ന് രജിസ്റ്റർ ചെയ്യപ്പെട്ട കേസാണ് ഇത്. കോടതിയുടെ അനുമതിയോടെ ഈ കേസ് പിൻവലിക്കുന്നതിന് എതിർപ്പില്ലെന്ന് അറിയിക്കുമ്പോഴും പരിഗണിച്ചത് വിശാലമായ പൊതുതാല്പര്യം മാത്രമാണ്. അതുകൊണ്ടുതന്നെ ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായ വിഷയമല്ല. <u>ശ്രീ. വി. ഡി. സതീശൻ</u> : സർ, ഈ സഭയുടെ അന്തസ്സിനെയോ ഇതിന്റെ ഡെക്കോറത്തെയോ തകർക്കുന്ന രീതിയിലുള്ള ഒരു വാക്കും ഈ പ്രമേയത്തിന് അനുമതി ചോദിച്ചുകൊണ്ടുള്ള ഈ നോട്ടീസുമായി ബന്ധപ്പെട്ട് സംസാരിക്കുമ്പോൾ എന്റെ ഭാഗത്തുനിന്നുണ്ടാകില്ലെന്ന് ഞാൻ ബഹുമാനപ്പെട്ട ചെയറിന് ഉറപ്പുനൽകുന്നു. ഇങ്ങനെയൊരു അടിയന്തരപ്രമേയത്തിന് നോട്ടീസ് കൊടുക്കാനുള്ള പ്രധാനപ്പെട്ട കാരണം ഈ സഭയുടെ അന്തസ്സും അഭിമാനവും ഉയർത്തിപ്പിടിക്കണം എന്നുള്ള ആഗ്രഹമുള്ളതുകൊണ്ടാണ്. ഈ നിയമസഭയുടെ വർണ്ണാഭവും പ്രൗഢവുമായ ചരിത്രത്തിലെ ഏറ്റവും ദൗർഭാഗ്യകരമായ ഒരു ദിവസമാണ് 2015 മാർച്ച് 13. ബാർ കോഴ ആരോപണത്തിൽ ആരോപണ

വിധേയനായ ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി ബഡ്ജറ്റ് അവതരിപ്പിക്കുന്നത് തടയും എന്ന് മുൻകൂട്ടി പ്രഖ്യാപിക്കുകയും അദ്ദേഹം അതിൽനിന്ന് പിൻമാറണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മുദ്രാവാക്യങ്ങൾ മുഴക്കി ഫസ്റ്റ് ബെൽ അടിക്കുന്നതിനുമുമ്പ് ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസ്സിൽ ചാടിക്കയറുകയും സ്പീക്കറുടെ പ്രവേശന കവാടത്തിൽ മാർഗ്ഗതടസ്സം സൃഷ്ടിക്കുകയും സ്പീക്കറുടെ കസേര സഭാതലത്തിലേയ്ക്ക് മറിച്ചിടുകയും മേശപ്പുറത്തുള്ള മൈക്ക്, കമ്പ്യൂട്ടർ ഉൾപ്പെടെയുള്ള ഇലക്ട്രോണിക് ഉപകരണങ്ങൾ നശിപ്പിക്കുകയും കണ്ണിൽക്കണ്ടതെല്ലാം തല്ലിത്തകർക്കുകയും ചെയ്തു. സഭാതലത്തിൽ ഡസ്കിനുമുകളിലൂടെ മുണ്ട് മടക്കിക്കുത്തിയ ചില എം.എൽ.എ.-മാർ ഓടിനടക്കുന്നത് വാർത്താമാധ്യമങ്ങളിലൂടെ ജനങ്ങൾ കണ്ടതാണ്. കുറച്ചുകഴിഞ്ഞപ്പോൾ അവരുടെ അമിതാധ്വാനം കൊണ്ട് അവർ കുഴഞ്ഞുവീഴുകയും അവരെ സ്ട്രെച്ചറിൽ പുറത്തേയ്ക്ക് കൊണ്ടുപോവുകയും ചെയ്യുന്ന കാഴ്ചയും കേരളം കണ്ടു. ഈ ദൗർഭാഗ്യകരമായ സംഭവങ്ങൾ ദൃശ്യമാധ്യമങ്ങളുടെ ലൈവ് ടെലികാസ്റ്റിലൂടെ ലോകമെങ്ങുമുള്ള മലയാളികളും രാജ്യത്തെ മറ്റ് ജനങ്ങളും കണ്ടു. രാജ്യത്തിന്റെ ക്രിമിനൽ ചരിത്രത്തിൽ ഇത്രയും കൂടുതൽ സാക്ഷികളുണ്ടായ ഒരു ക്രിമിനൽ കേസ് ഉണ്ടായിട്ടില്ല. കാരണം ഒരു ഒഫൻസ് നടക്കുന്നത് ലക്ഷക്കണക്കിനാളുകൾ ലൈവായി കണ്ടുവെന്നത്

രാജ്യത്തിന്റെ ക്രിമിനൽ ചരിത്രത്തിലുണ്ടായിട്ടില്ല. ലക്ഷക്കണക്കിന് സാക്ഷികളാണ് ഇതിലുള്ളത്. ഇപ്പോഴും ആളുകൾ റിപ്പീറ്റ് ചെയ്ത് കണ്ടുകൊണ്ടിരിക്കുകയാണ്. മഹാരഥൻമാരായ നിയമസഭാ സാമാജികർ കെട്ടിപ്പൊക്കിയ സഭയുടെ അന്തസ്സും അഭിമാനവുമാണ് ഒരു ദിവസംകൊണ്ട് തകർന്നുവീണത്. സ്പീക്കർ സ്ഥാനത്തിന്റെ യശ്ശസ്സിന്റെയും അന്തസ്സിന്റെയുമെല്ലാം അടയാളമാണ് അങ്ങ് ഇരിക്കുന്ന കസേര. സ്പീക്കർമാർ അവരുടെ സ്ഥാനത്തെത്തന്നെ സ്വയം വിശേഷിപ്പിക്കുന്നത് ചെയർ എന്നാണ്. അതുകൊണ്ട് ഒരു ചെയർ സഭാതലത്തിലേയ്ക്ക് മറിച്ചിടുന്നത് സ്പീക്കറെത്തന്നെ മറിച്ചിടുന്നതിന് തുല്യമായ നടപടിയാണ്. ഞാൻ അന്നത്തെ പത്രങ്ങളൊന്നും ഇവിടെ കാണിക്കുന്നില്ല. അന്ന് അന്താരാഷ്ട്രതലത്തിലുള്ള മാധ്യമങ്ങളെല്ലാം ലോകം മുഴുവൻ ഇത് പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതുസംബന്ധിച്ച് മ്യൂസിയം പോലീസ് സ്റ്റേഷനിൽ 236/15 ക്രൈം നമ്പരായി രജിസ്റ്റർ ചെയ്ത കേസ് ഇന്ന് തിരുവനന്തപുരം ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റ് കോടതിയിൽ സി.സി. 790/16 നമ്പരായി നിലനിൽക്കുന്നു. ഇതുസംബന്ധിച്ചാണ് മുഖ്യമന്ത്രി പറഞ്ഞത്, ഒരു ഉദ്യോഗസ്ഥൻ ആധികാരികമായ പിൻബലമോ ആലോചനകളോ ഇല്ലാതെ ഒരു പരാതി കൊടുത്തു എന്ന്. ആ ഉദ്യോഗസ്ഥൻ ഈ നിയമസഭയുടെ സെക്രട്ടറിയാണ്. ഏതോ ഒരു ഉദ്യോഗസ്ഥനാണോ?

നടപടിക്രമങ്ങളനുസരിച്ച് പോലീസിന് പരാതി കൊടുക്കാൻ ഉത്തരവാദിത്വമുള്ള ഉദ്യോഗസ്ഥനാണ് നിയമസഭാ സെക്രട്ടറി. ജില്ലാ ജഡ്ജ് റാങ്കിലുള്ള ഒരാളാണ്. നിയമസഭാ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനങ്ങളെ സ്പീക്കറുടെ നിർദ്ദേശപ്രകാരം നിയന്ത്രിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഉദ്യോഗസ്ഥനാണ് നിയമസഭാ സെക്രട്ടറി. ബഹുമാന്യനായ മുഖ്യമന്ത്രിയെപ്പോലെ ഇത്രയും സീനിയോറിറ്റിയുള്ള ഒരാൾ, ഏതോ ഒരു ഉദ്യോഗസ്ഥൻ എന്നുപറഞ്ഞ് നിയമസഭാ സെക്രട്ടറിയുടെ വലിപ്പത്തെ ചെറുതാക്കി കാണിച്ചത് ശരിയായില്ല എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ കേസാണ് 2018 ഫെബ്രുവരി 9-ാം തീയതി ആഭ്യന്തര വകുപ്പിന്റെ ഒരു ഉത്തരവിലൂടെ പിൻവലിക്കുന്നതിന് സർക്കാർ അനുമതി നൽകിയിരിക്കുന്നത്. അതുതന്നെയാണ് നടപടിക്രമം. കേസ് പിൻവലിക്കുന്നതിനുള്ള നടപടിക്രമത്തെക്കുറിച്ച് വിശദീകരിച്ചപ്പോൾ പ്രോസിക്യൂട്ടറിന്റെ ഡിസ്ക്രീഷനെക്കുറിച്ചും കോടതിയുടെ ഡിസ്ക്രീഷനെക്കുറിച്ചും അങ്ങ് വളരെ വാചാലനായി സംസാരിച്ചു. എല്ലാ ഗവൺമെന്റുകളും സാധാരണയായ കേസ്സുകൾ പിൻവലിക്കാറുണ്ടെന്ന് നമുക്കെല്ലാവർക്കും അറിയാം. ഗവൺമെന്റുകളൊന്നും അതിൽനിന്ന് വ്യത്യസ്തമല്ല. രാഷ്ട്രീയമായെടുത്ത കേസ്സുകൾ, തെറ്റാണെന്ന് തോന്നുന്ന കേസ്സുകളൊക്കെ ഇങ്ങനെ പിൻവലിക്കാറുണ്ട്. ഇവിടെ ഒരു കാര്യം നേരത്തെ

ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അന്നത്തെ ഭരണകക്ഷി എം.എൽ.എ.-മാർക്കെതിരായി വനിതാ എം.എൽ.എ.-മാർ കൊടുത്ത കേസ്സിൽ കോടതിയിൽ പോയി അവർ ജാമ്യമെടുത്തു. ഹൈക്കോടതിയിൽ ഇത് കള്ളക്കേസ്സാണെന്ന് അവർ പരാതി പറഞ്ഞു. തെളിവുകളുടെ പിൻബലത്തോടുകൂടിയാണ് അവർ അങ്ങനെ പറഞ്ഞത്. ഇതെല്ലാം ഈ നിയമസഭയുടെ ക്യാമറയിലും എല്ലാ വിഷ്വൽ മീഡിയയുടെ ക്യാമറയിലുമുള്ള സംസാരിക്കുന്ന തെളിവുകളാണ്. ഏതെങ്കിലുമൊരു ഭരണകക്ഷി എം.എൽ.എ. ഏതെങ്കിലുമൊരു വനിതാ എം.എൽ.എ.-യെ......, വനിതാ അംഗത്തെ xxxxxxxxxxxx[+] വസ്ത്രാക്ഷേപം ചെയ്തുവെന്നമാണ് പരാതി കൊടുത്തിട്ടുള്ളത്. ഒരു വനിതാ അംഗത്തെ വസ്ത്രാക്ഷേപം ചെയ്തു, ബലാൽസംഗം ചെയ്തു തുടങ്ങിയ വാക്കുകളാണ് ഉപയോഗിച്ചിരിക്കുന്നത്. ലോകം മുഴുവൻ കണ്ടതാണ് ഈ നിയമസഭയിലെ നടപടിക്രമങ്ങൾ. ആ എം.എൽ.എ.-മാർ അവരുടെ നിരപരാധിത്വം പറഞ്ഞുകൊണ്ട് ഹൈക്കോടതിയിൽ പോയപ്പോൾ ഹൈക്കോടതി സ്റ്റേ ചെയ്തു. അവർ നിയമത്തെ നേരിട്ട്, കോടതിയിൽ പോയി ജാമ്യമെടുത്തു. എന്നാൽ ഈ കേസ്സിൽ ജാമ്യംപോലും എടുത്തിട്ടില്ല. ഇത് PDPP (Prevention of Damages to the Public Property Act) ആക്ടിലെ സെക്ഷൻ 3(1) അനുസരിച്ച് ചാർജ് ചെയ്തിട്ടുള്ളതും പൊതുമുതൽ നശിപ്പിക്കപ്പെട്ട കേസ് കൂടി

+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫ.നം.1360/ഇ.ബി./2018/നി.സെ. തീയതി 7-3-2018) സഭാരേഖകളിൽ നിന്നും നീക്കം ചെയ്തു.

ഉൾപ്പെട്ടിരിക്കുന്നതുമാണ്. I invite the attention of this Hon'ble House to a High Court verdict. ഹൈക്കോടതിയിൽ ജസ്റ്റിസ് കെ. പി. ശങ്കരൻ പറഞ്ഞിരിക്കുന്നത്, "I am of the view that, in cases where public property is destroyed, the value of the same or even more should be directed to be deposited by the accused as a condition for granting bail to them" എന്നാണ്. ജാമ്യം കിട്ടണമെങ്കിൽ എത്ര രൂപയുടെ പൊതുമുതലാണ് നശിപ്പിച്ചത്, അത്രയുമോ അതിനെക്കാൾ കൂടുതലുമോ പണം കെട്ടിവച്ചിട്ടുമാത്രമേ ജാമ്യം കൊടുക്കാൻ പാടുള്ളൂവെന്നാണ് പറഞ്ഞത്. കേരളത്തിലെ നിരവധി രാഷ്ട്രീയ പാർട്ടികളിൽപ്പെട്ട ആയിരക്കണക്കിന് സാധാരണക്കാരായ പ്രവർത്തകർ, നമ്മൾ പറയുമ്പോൾ കൊടി പിടിച്ച് സമരം നടത്തുന്ന പാവപ്പെട്ട പ്രവർത്തകർ ലക്ഷക്കണക്കിന് രൂപ ഇതുപോലുള്ള കേസുകളിൽ കോടതിയിൽ കെട്ടിവച്ചിട്ടാണ് അവർക്ക് ജാമ്യം കിട്ടുന്നതെന്ന യാഥാർത്ഥ്യം നമ്മൾ അറിയണം. ഇവിടെ ഇരിക്കുന്ന എം.എൽ.എ.-മാർക്ക് എന്ത് പ്രിവിലേജാണുള്ളത്. Constitution of India യുടെ article 105 (2), (3) അനുസരിച്ച് ചില പ്രിവിലേജുകളുണ്ട്. അത് പാർലമെന്റിലും നിയമസഭയിലുമുണ്ട്. സംസാരിക്കുന്ന കാര്യത്തിലുള്ള പ്രൊട്ടക്ഷനാണത്. സംസാരിക്കുന്ന കാര്യത്തിൽപോലും Rules of Procedure ധാരാളം നിബന്ധനകൾ നമുക്ക് മീതെ കൊണ്ടുവന്നിട്ടുണ്ട്.

നിയമസഭയിൽ സംസാരിച്ചാൽ പ്രൊട്ടക്ഷൻ കിട്ടുമെന്ന് കരുതി നിയമസഭയിൽ എന്തും സംസാരിക്കാനുള്ള അനുവാദമില്ല. ആകെയുള്ള പ്രിവിലേജ് അതാണ്. ഏതെങ്കിലും ഒരു ക്രൈം ചെയ്താൽ എന്ത് പ്രിവിലേജാണ് ഒരു നിയമസഭാംഗത്തിന് ഉള്ളതെന്ന് അങ്ങ് മനസ്സിലാക്കണം. ശക്ധർ ആന്റ് കൗൾ-ൽ പറയുന്നത് "A criminal act committed by a member within the House cannot be regarded as a part of the proceedings of the house for purposes of protection." എന്നാണ്. വളരെ ക്ലിയർ ആയി പറഞ്ഞിരിക്കുകയാണ്. ഇതുപോലൊരു സംഭവം 1964 ആഗസ്റ്റ് 12-ാം തീയതി മഹാരാഷ്ട്ര നിയമസഭയിൽ ഉണ്ടായി. വി.പി. നായിക് മുഖ്യമന്ത്രി ആയിരുന്നപ്പോൾ ജെ. ബി. ദോത്തെ എന്ന അംഗം മൈക്ക് ഓൺ ചെയ്തില്ലെന്ന കാരണത്താൽ കയ്യിൽ ഉണ്ടായിരുന്ന പേപ്പർവെയ്റ്റെടുത്ത് മൈക്ക് ഓപ്പറേറ്റർക്ക് നേരെ എറിഞ്ഞു. മൈക്ക് ഓപ്പറേറ്ററുടെ തല പൊട്ടി. ഇവിടെ ഏതായാലും അങ്ങനെ എറിയാൻ പറ്റില്ല. എറിഞ്ഞാൽത്തന്നെയും ചില്ല് പൊട്ടുകയേയുള്ളൂ; ഓപ്പറേറ്ററുടെ തല പൊട്ടില്ല. അടുത്ത ദിവസംതന്നെ അദ്ദേഹത്തെ നിയമസഭയിൽ നിന്ന് പുറത്താക്കി; അറസ്റ്റ് ചെയ്ത് വിചാരണ ചെയ്തു. വിചാരണ ചെയ്ത മഹാരാഷ്ട്ര കോടതി 6 മാസത്തേയ്ക്ക് Regress Imprisonment (കഠിന തടവിന്)-ന് വിധിച്ചു. അതൊരു ക്രിമിനൽ കുറ്റമാണ്. അദ്ദേഹം പറഞ്ഞത്, എന്നെ സഭയിൽ നിന്ന് എക്സ്പൽ

ചെയ്തപ്പോൾത്തന്നെ എനിക്കെതിരായി ആക്ഷനുണ്ടായി, അതുകൊണ്ട് ക്രിമിനൽ പ്രൊസീജ്യുവർ ട്രയൽ നടത്തുന്നത് Double Jeopardy ആണെന്നാണ്. അത് ശരിയല്ലെന്ന് അദ്ദേഹം പറഞ്ഞപ്പോൾ കോടതി പറഞ്ഞത് ഈ കാര്യത്തിൽ Double Jeopardy on stand എന്നാണ്. കാരണം സഭയിലുള്ള നടപടിക്രമം വേറെ; ക്രിമിനൽ കുറ്റം ചെയ്താലുള്ള നടപടിക്രമം വേറെ. ഇതിൽ നിന്നെല്ലാം വളരെ വ്യക്തമാണ്. സഭയിലോ, ചന്തയിലോ, പാർലമെന്റിലോ, ദേവാലയത്തിലോ ആണെങ്കിലും ക്രിമിനൽ കുറ്റം ചെയ്താൽ അത് ക്രൈം തന്നെയാണ്; ഒഫൻസ് തന്നെയാണ്. Place of occurance മാറിയതുകൊണ്ട് ഒഫൻസ് അല്ലാതാകുന്നില്ലെന്നുള്ള യാഥാർത്ഥ്യം നമ്മൾ അറിയണം. It is an offence committed against the State. ലോകം മുഴുവൻ നോക്കിനിൽക്കെ ഈ നിയമസഭയിലെ പൊതുമുതൽ മുഴുവൻ നശിപ്പിച്ച് വലിച്ചെറിയുകയും കസേര വലിച്ച് താഴെയിട്ടുകയും ചെയ്ത ഗൗരവതരമായ ഒരു ക്രിമിനൽ കുറ്റം സംസ്ഥാനത്തിനെതിരായുള്ള കുറ്റമാണ്. സ്റ്റേറ്റിന് എതിരായുള്ള ക്രിമിനൽ കുറ്റത്തെ കോടതിയിൽ കൊണ്ടുവന്ന് വിചാരണ നടത്തി തക്കതായ ശിക്ഷ വാങ്ങി കൊടുക്കാനുള്ള ഉത്തരവാദിത്വം സംസ്ഥാന ഗവൺമെന്റിനുണ്ടെന്ന് ഒരു കാരണവശാലും മറക്കരുതെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. ഇപ്പോഴത്തെ ഒരു മന്ത്രി,

ഒരു എം.എൽ.എ. ഉൾപ്പെടെ മുൻ എം.എൽ.എ.-മാരായ 6 പേരാണ് ഈ കേസ്സിലെ പ്രതികൾ. പ്രതികൾ അവരുടെ ഭരണ സ്വാധീനം ഉപയോഗിച്ച് ക്രിമിനൽ കേസ്സിൽ നിന്ന് ഒഴിവാകാൻ ശ്രമിക്കുന്നു. അതാണ് ജനങ്ങൾ നോക്കുന്നത്. നീതിന്യായ വ്യവസ്ഥ, നിയമ വ്യവസ്ഥ എന്താണെന്ന് ഉറ്റുനോക്കുകയാണ്. ഇവർ ചെയ്ത ക്രിമിനൽ കുറ്റത്തിന് ലക്ഷക്കണക്കിന് കേരളത്തിലെ ജനങ്ങൾ സാക്ഷികളാണ്. ഇപ്പോഴും കണ്ടുകൊണ്ടിരിക്കുകയാണ്. അവരുടെ കൺ മുന്നിൽ വച്ച് നടത്തിയ ക്രിമിനൽ കുറ്റത്തിൽ നിന്ന് ഇവരെ മോചിപ്പിച്ചാൽ ഇവിടെ ഇരട്ട നീതിയാണ് നടപ്പിലാക്കുന്നതെന്ന ധാരണ രാജ്യത്തെ ജനങ്ങൾക്കുണ്ടാകും. അത് നീതിന്യായ വ്യവസ്ഥയിലും നിയമ വ്യവസ്ഥയിലുമുള്ള സാമാന്യ ജനങ്ങളുടെ വിശ്വാസം നഷ്ടപ്പെടുന്നതിന് ഇടയാകും. ഗവൺമെന്റ് ഈ കേസ് പിൻവലിക്കാൻ പറഞ്ഞ ന്യായങ്ങൾ അന്യായങ്ങളാണെന്ന് പറയാൻ ഞാൻ വിനീതമായി ആഗ്രഹിക്കുകയാണ്. ഒരു ന്യായവും അങ്ങ് പറഞ്ഞ വാക്കുകളിലില്ല. കാരണം ഈ കേസ്സിനെ ന്യായീകരിക്കാൻ കഴിയില്ല. ഇവിടെയുള്ള മുഴുവൻ ആളുകളും കണ്ടതാണ്. ഞാൻ അങ്ങയോട് പറയുന്നു, അന്നത്തെ പ്രതിപക്ഷ അംഗങ്ങൾ ഭരണകക്ഷിയിലെ അംഗങ്ങൾക്കെതിരായി സ്വകാര്യമായി കൊടുത്തിരിക്കുന്ന അന്യായം കോടതിയിൽ നടക്കുന്നുണ്ട്. അത് നിങ്ങൾ പിൻവലിച്ചിട്ടില്ല. ആ കേസ് ഹൈക്കോടതി സ്റ്റേ

ചെയ്തിരിക്കുകയല്ലേ. ഹൈക്കോടതി സ്റ്റേ വെക്കേറ്റ് ചെയ്ത് വിചാരണ ചെയ്യട്ടെ. അവർ കുറ്റവാളികളാണെങ്കിൽ.., തെളിവുകളുടെ പിൻബലം, അന്നത്തെ പ്രതിപക്ഷാംഗങ്ങൾ വനിതാ അംഗങ്ങളെ XXXXXXXX+ വസ്ത്രാക്ഷേപം നടത്തുകയോ അപമാനിക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ, അവർ ഈ രാജ്യത്തെ നിയമത്തിന് വിധേയമാകട്ടെയെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. ഞങ്ങൾ തന്റേടത്തോടെ പറയുന്നു, അന്നത്തെ എം.എൽ.എ.-മാർ, let them face the trial. അവർ വിചാരണ നേരിട്ട് ശിക്ഷയ്ക്ക് വിധേയരാകട്ടെ. അക്കാര്യത്തിൽ ഞങ്ങൾക്ക് യാതൊരു ഭയവുമില്ല. അവരുടെ പേരുകൾ പറഞ്ഞുകൊണ്ട് അങ്ങ് ഇത് പറയരുത്..

<u>ശ്രീ. ഇ. പി. ജയരാജൻ</u>: നിയമസഭയിൽ 4 വനിതാ എം.എൽ.എ.- മാരെ ആക്രമിച്ച സംഭവം ലോകം മുഴവൻ കണ്ടതാണ്. അന്നുള്ള ആൾ ഇവിടെ ഇരിപ്പുണ്ട്. നിങ്ങൾ കയറി പിടിച്ചു; വസ്ത്രാക്ഷേപം നടത്തി. നിങ്ങളുടെ ഗവൺമെന്റോ ഇവിടെ ഇരുന്ന ഉദ്യോഗസ്ഥനോ കേസ്സെടുത്തോ? ഏകപക്ഷീയമായി, രാഷ്ട്രീയ വിരോധം വച്ച് രാഷ്ട്രീയമായി നിങ്ങൾ പ്രശ്നത്തെ സമീപിച്ചു. നിങ്ങൾ അതാണ് ചെയ്തത്. നീതിക്കുവേണ്ടി വനിതാ എം.എൽ.എ.-മാർ ഹൈക്കോടതിയിൽ പോയി. പക്ഷപാതപരമായി പ്രവർത്തിച്ചത് നിങ്ങളാണ്. ഇന്നിവിടെ വാദിക്കുന്ന നിങ്ങൾ അന്ന് എവിടെ പോയിരുന്നു?

\+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫ.നം.1360/ഇ.ബി./2018/നി.സെ. തീയതി 7-3-2018) സഭാരേഖകളിൽ നിന്നും നീക്കം ചെയ്തു.

<u>ശ്രീ. വി. ഡി. സതീശൻ</u> : ശ്രീ. ഇ.പി. ജയരാജൻ ഇതിനുമുമ്പ് പൊട്ടിത്തെറിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് ഞാൻ ചിന്തിക്കുകയാണ്. ശ്രീ. ഇ. പി. ജയരാജൻ, അങ്ങ് ചെയ്ത ഒരു ക്രിമിനൽ കുറ്റകൃത്യം, ലക്ഷക്കണക്കിന് ആളുകൾ കണ്ടു. അങ്ങ് ബഹുമാനപ്പെട്ട സ്പീക്കറുടെ കസേര മറിച്ച് താഴെയിട്ട കാഴ്ച കേരളം മുഴുവൻ കണ്ടതാണ്. ....(ബഹളം).... എന്നെ ഇങ്ങനെ ശല്യപ്പെടുത്തരുത്. അദ്ദേഹം ചെയ്ത ക്രിമിനൽ കുറ്റം എന്താണെന്ന് ലോകം കണ്ടതാണ്. അദ്ദേഹം പറഞ്ഞതുപോലെ അന്നത്തെ ഭരണകക്ഷിയിൽപ്പെട്ട എം.എൽ.എ.-മാർ, അവർ xxxxxxxxx+ വസ്ത്രാക്ഷേപം ചെയ്തിട്ടുണ്ടെങ്കിൽ, ഏതെങ്കിലും സ്ത്രീകളോട് മോശമായി പെരുമാറിയിട്ടുണ്ടെങ്കിൽ let them face the trial. അവർ നിയമ വ്യവസ്ഥയ്ക്ക് വിധേയമാകട്ടെ. പരസ്യമായി കേരളത്തിലെ മുഴുവൻ ആളുകളും കണ്ട ഇക്കാര്യത്തിൽ ഭരണകക്ഷിയുടെ സ്വാധീനം ഉപയോഗിച്ചുകൊണ്ട് ഒരു മന്ത്രിയെയും ഒരു എം.എൽ.എ.-യെയും രക്ഷപെടുത്താനുള്ള ശ്രമം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടായാൽ, ഈ സംസ്ഥാനത്ത് നീതിയും ന്യായവും നിയമവ്യവസ്ഥകളും നടപ്പിലാക്കാൻ ഉത്തരവാദിത്വപ്പെട്ട, സംസ്ഥാനത്തിന്റെ ഭരണത്തിന് നേതൃത്വം കൊടുക്കുന്ന അങ്ങേയ്ക്ക് അപമാനകരമായിരിക്കും, കളങ്കമായിരിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ പറയുന്നു. അത്

+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫ.നം.1360/ഇ.ബി./2018/നി.സെ. തീയതി 7-3-2018) സഭാരേഖകളിൽ നിന്നും നീക്കം ചെയ്തു.

അങ്ങയുടെ സത്യപ്രതിജ്ഞാ ലംഘനമായിരിക്കും. ഭീതി കൂടാതെ നിയമം നടപ്പാക്കുമെന്ന് ഭരണഘടന തൊട്ട് സത്യപ്രതിജ്ഞ ചെയ്ത് അധികാരത്തിൽ വന്ന അങ്ങയോട് ഞാൻ ആവർത്തിക്കുന്നു, നീതിന്യായ വ്യവസ്ഥയെയും നിയമ വ്യവസ്ഥയെയും കാറ്റിൽപ്പറത്താനുള്ള അങ്ങയുടെ തീരുമാനം പിൻവലിക്കണം. ഗൗരവതരമായ ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u> : സർ, നിയമസഭയിലുണ്ടായ ഈ സംഭവം ശ്രീ. വി. ഡി. സതീശനെപോലെ നിയമം അറിയാവുന്ന ആൾ നിയമസഭയുടെ പരമോന്നത വേദിയായ ഈ സഭയിൽ അപമാനിക്കപ്പെട്ട സ്ത്രീകളെ ഒരിക്കൽകൂടി പൊതുസമൂഹത്തിൽ പ്രത്യേകിച്ച് നിയമസഭയിൽ കൊണ്ടുവന്ന് അപമാനിക്കുന്ന സമീപനമാണ് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടായത്. അത് അപമാനകരമാണ്. അഡ്വ. വി. ഡി. സതീശൻ എന്നുപറയുന്ന ഒരാൾ വീണ്ടും സ്ത്രീകളെ അപമാനിക്കുന്നതുമായി ബന്ധപ്പെട്ട് നിയമസഭയിൽ നടത്തിയിട്ടുള്ള ഒരു പരാമർശവും നിയമസഭാ രേഖകളിലുണ്ടാകാൻ പാടില്ല.

<u>മി. സ്പീക്കർ</u>: പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കും. ...(ബഹളം).. അവർ ഒരു ആവശ്യമുന്നയിച്ചു. അത് സ്പീക്കർ പരിശോധിച്ച് നടപടി

സ്വീകരിക്കും. ...(ബഹളം).. അങ്ങ് പറഞ്ഞ ചില വാചകങ്ങളിൽ അവർക്ക് പരാതിയുണ്ട്. ആ പരാതി പരിശോധിച്ച് നടപടി സ്വീകരിക്കണമെന്ന് പറഞ്ഞു,..... (ബഹളം)... ശ്രീമതി ഇ. എസ്. ബിജിമോൾ അന്ന് നിയമസഭാ അംഗമായിരുന്നു. ഈ വിഷയത്തിൽ പരാതിക്കാരിയാണ്. അവരൊരു സ്ത്രീയാണ്. അവർക്ക് പറയാനുള്ള അവകാശമില്ലേ ഇവിടെ? ഇതെവിടത്തെ നിയമമാണ്. ...... (ബഹളം)...

ശ്രീ. വി. ഡി. സതീശൻ : സർ, എനിക്കെതിരെയാണ് പറഞ്ഞത്. എനിക്ക് മറുപടി പറയാനുള്ള അവകാശമില്ലേ?

മി. സ്പീക്കർ: അങ്ങേക്കെതിരെയൊന്നും പറഞ്ഞിട്ടില്ല. ശ്രീ. വി. ഡി. സതീശന്റെ പരാമർശങ്ങളിൽ അനാവശ്യ പദങ്ങളുണ്ടെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കണമെന്നാണ് പറഞ്ഞത്. അത് ചെയർ ചെയ്യേണ്ട കാര്യമാണ്. ഞാൻ ചെയ്തോളാം. വേറൊന്നുമില്ല. ...(ബഹളം)... അങ്ങയുടെ പ്രയോഗത്തിൽ എന്തെങ്കിലും അനാവശ്യ പരാമർശമുണ്ടെങ്കിൽ പരിശോധിച്ച് നടപടി സ്വീകരിക്കണമെന്ന് അവർ ആവശ്യപ്പെട്ടു. ഞാനത് പരിശോധിക്കാമെന്ന് പറഞ്ഞു. പിന്നെ എന്തിനാണ് അതിലൊരു വിശദീകരണം? .... (ബഹളം).. അതിൽ വിശദീകരണം നൽകാറില്ല. സഭാ രേഖകളിൽനിന്ന് നീക്കം ചെയ്യണമെന്ന്

ആവശ്യപ്പെട്ടുകൊണ്ട് ഒരംഗം എഴുന്നേറ്റ് ഒരു കാര്യമുന്നയിച്ചാൽ അത് പരിശോധിച്ച് നടപടി സ്വീകരിക്കാൻ ചെയർ ബാധ്യസ്ഥമാണ്. അത്രയേയുള്ളൂ... (ബഹളം).. ചെയർ ഇപ്പോൾ ഒന്നും റൂൾ ചെയ്തിട്ടില്ല. ഏതെങ്കിലും ഒന്ന് പ്രത്യേകമായി എടുത്ത് ഞാൻ പറഞ്ഞിട്ടില്ല.... (ബഹളം)... പ്രതിപക്ഷ നേതാവ്, അങ്ങ് പറയൂ..

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം വി. ഡി. സതീശൻ സ്ത്രീകൾക്കെതിരായി ഒരു പരാമർശവും നടത്തിയിട്ടില്ല. ....(ബഹളം)... ബഹുമാന്യനായ മുഖ്യമന്ത്രി നാല് വനിതാ എം.എൽ.എ.-മാർ ഹൈക്കോടതിയിൽ കൊടുത്ത കേസിൽ പറഞ്ഞ കാര്യങ്ങളാണ് ഇവിടെ വിശദീകരിച്ചത്. ബലാത്സംഗം, മാനഭംഗപ്പെടുത്തൽ, വസ്ത്രാക്ഷേപം എന്നിവ ബഹുമാന്യനായ മുഖ്യമന്ത്രി വായിച്ച സെക്ഷനിലുള്ള കാര്യമാണ്. ആ കാര്യമാണ് ഇവിടെ ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ചത്. അത് സ്ത്രീകളെ അപമാനിക്കുകയാണോ; മുഖ്യമന്ത്രി പറഞ്ഞ കാര്യം ഇവിടെ ആവർത്തിച്ചതാണ്. ബഹുമാനപ്പെട്ട വി. ഡി. സതീശന് പറയാൻ അവസരം കൊടുക്കണം. .. (ബഹളം)...

മി. സ്പീക്കർ: ചെയറിന് ഇക്കാര്യത്തിൽ വളരെ വ്യക്തമായ അഭിപ്രായമുണ്ട്. ഞാനിപ്പോൾ അത് പറയുന്നില്ല. .... (ബഹളം)... ഞാൻ ഈ പ്രമേയത്തിന് അവതരാണാനുമതി നൽകിയപ്പോൾ പറഞ്ഞു, സഭയുടെ അന്തസ്സിന്

വിഘാതമാകുന്ന വാചകങ്ങളോ വാക്കുകളോ ഉണ്ടാകരുത്. എനിക്ക് വ്യക്തമായ അഭിപ്രായമുണ്ട്. പരാതിക്കാരിയായ നിയമസഭാ അംഗത്തിന്റെ വികാരമാണ് ഇവിടെ പറഞ്ഞത്. അത് പരിശോധിച്ച് നടപടി സ്വീകരിക്കുമെന്ന് പറഞ്ഞു. ....(ബഹളം)... അതിനുമുകളിൽ വീണ്ടും ഒരു വിശദീകരണത്തിന് പ്രസക്തിയില്ല. ....(ബഹളം)...

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, പോയിന്റ് ഓഫ് ഓർഡർ... ബഹുമാനപ്പെട്ട വി. ഡി. സതീശൻ... ...(ബഹളം)...

മി. സ്പീക്കർ: പ്രതിപക്ഷ നേതാവ് പറഞ്ഞ ആവശ്യം ഞാൻ കേട്ടു, ഞാനത് മനസ്സിലാക്കി. ....(ബഹളം)... അതിനുമുമ്പ് അദ്ദേഹം പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചിട്ടുണ്ട്... ബഹുമ◌ാനപ്പെട്ട മന്ത്രി പറയൂ..

ശ്രീ. എ. കെ. ബാലൻ: മൂന്ന് പ്രാവശ്യം ബഹുമ◌ാനപ്പെട്ട വി. ഡി. സതീശൻ... ....(ബഹളം)... സഭയിൽ ഒരു വ്യക്തത ഉണ്ടാക്കികൊടുക്കുന്നത് നല്ലതാണ്. ബഹുമാനപ്പെട്ട സ്പീക്കർ ഈ സഭയ്ക്ക് ഒരു വ്യക്തതയുണ്ടാക്കി കൊടുക്കണം.

മി. സ്പീക്കർ: ഞാൻ ഇതിനിടയ്ക്ക് പറഞ്ഞത് അങ്ങ് ശ്രദ്ധിച്ചോ എന്നറിയില്ല. ഇവിടെ നടന്ന പ്രസംഗത്തെ സംബന്ധിച്ച് ചെയറിന് വളരെ വ്യക്തമായ

അഭിപ്രായമുണ്ട്. പക്ഷെ ചെയർ അത് ഇപ്പോൾ പറയുന്നത് മാന്യതയായിരിക്കില്ല എന്നുള്ളതുകൊണ്ട് മിണ്ടാതിരിക്കുകയാണ്. അവരുടെ ആവശ്യം പരിശോധിച്ച് സഭാനടപടികളിലെ രേഖകളിൽനിന്ന് നീക്കം ചെയ്യേണ്ടതുണ്ടെങ്കിൽ നീക്കം ചെയ്യും. ഇവിടെ പറഞ്ഞ ചില വാക്കുകളെ സംബന്ധിച്ച് വ്യക്തമായ അഭിപ്രായമുണ്ട്. ഞാൻ വീണ്ടും ആവർത്തിച്ച് ഒരാക്ഷേപമുണ്ടാക്കുന്നത് ശരിയല്ലാത്തതുകൊണ്ട് സംസാരിക്കുന്നില്ല. എനിക്കഭിപ്രായമുണ്ട്. ഞാൻ ഇപ്പോൾ ഓഫ്ഹാന്റ് ആയി ഒരു കമന്റ് പറയുന്നില്ല. പ്ലീസ്.. അങ്ങ് പറയൂ... ....(ബഹളം)... ശ്രീ. വി. ഡി. സതീശന് വിശദീകരിക്കാൻ സമയം തരാം. അദ്ദേഹം പറഞ്ഞുകഴിയട്ടെ...

<u>ശ്രീ. എ. കെ. ബാലൻ</u>: ബഹുമാനപ്പെട്ട വി. ഡി. സതീശൻ ഇവിടെ സംസാരിക്കുമ്പോൾ മൂന്നുപ്രാവശ്യം XXXXXXXX+ ആവർത്തിച്ചു. യഥാർത്ഥത്തിൽ സെക്ഷൻ 376 - ബലാത്സംഗത്തിന് ഒരു പരാതിയില്ല. പരാതിയില്ലാത്ത ഒരു സാഹചര്യത്തിൽ, ബഹുമാനപ്പെട്ട വി. ഡി. സതീശൻ, മാനഭംഗപ്പെടുത്തി എന്നുപറയുന്നത് കറക്റ്റാണ്, അത് സെക്ഷൻ 353 ആണ്. സെക്ഷൻ 376 പ്രകാരം കേസ്സില്ല. മാനഭംഗപ്പെടുത്തലും ബലാത്സംഗവും രണ്ടും രണ്ടാണ്. അത് ബഹുമാനപ്പെട്ട വി. ഡി. സതീശന് അറിഞ്ഞുകൂടാത്തതുകൊണ്ടല്ല.

+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫ.നം.1360/ഇ.ബി./2018/നി.സെ. തീയതി 7-3-2018) സഭാരേഖകളിൽ നിന്നും നീക്കം ചെയ്തു.

അദ്ദേഹത്തെപ്പോലെ ഇക്കാര്യത്തിൽ അറിവുള്ള ഒരാൾ XXXXXXXX[+] മൂന്ന് പ്രാവശ്യം പറഞ്ഞത് ക്രമത്തിലല്ല. മാനഭംഗപ്പെടുത്തിയതിന് സെക്ഷൻ 353 പ്രകാരം കേസുണ്ട്. ഇവരാരും ബലാത്സംഗം നടത്തിയെന്ന് പറഞ്ഞ് കേസ് കൊടുത്തിട്ടില്ല. കൊടുക്കാത്ത ഒരു കാര്യത്തെ സംബന്ധിച്ച് തെറ്റായി സഭയിൽ അടിയന്തരപ്രമേയത്തിന്റെ ഭാഗമായി നടത്തിയ പ്രയോഗം ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിച്ച് റെക്കോർഡിൽ നിന്ന് മാറ്റണം.

ശ്രീ. വി. ഡി. സതീശൻ: ആദ്യമായി ബലാത്സംഗം എന്ന വാക്ക് ഇവിടെ ഉപയോഗിച്ചത് അന്നത്തെ പ്രതിപക്ഷ നേതാവായിരുന്ന ശ്രീ. വി. എസ്. അച്യുതാനന്ദനാണ്. XXXXXXXXX[+]

മി. സ്പീക്കർ: അങ്ങേയ്ക്ക് എന്താണ് പറയാനുള്ളത്

ശ്രീ. വി. ഡി. സതീശൻ: ഞാൻ പറയുന്നത് കേൾക്കൂ.. അങ്ങെന്തിനാണ് അസ്വസ്ഥനാകുന്നത്.... (ബഹളം)... അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി എന്താണ് പറഞ്ഞത്, അവരെ മാനഭംഗപ്പെടുത്തിയെന്ന് പറഞ്ഞു. അവർ കൊടുത്തിരിക്കുന്ന കേസ്, അതാണ് ഞാൻ പറഞ്ഞത് ബലാത്സംഗം ചെയ്തുവെന്നും മാനഭംഗപ്പെടുത്തിയെന്നും വസ്ത്രാക്ഷേപം ചെയ്തുവെന്നുമൊക്കെയുള്ള ആക്ഷേപം

+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫ.നം.1360/ഇ.ബി./2018/നി.സെ. തീയതി 7-3-2018) സഭാരേഖകളിൽ നിന്നും നീക്കം ചെയ്തു.

+ ബഹുമാനപ്പെട്ട സ്പീക്കറുടെ ഉത്തരവിൻപ്രകാരം (ഫ.നം.1360/ഇ.ബി./2018/നി.സെ. തീയതി 7-3-2018) സഭാരേഖകളിൽ നിന്നും നീക്കം ചെയ്തു.

കോടതിയിലാണ്. അത് കോടതി പരിശോധിക്കട്ടെ. തെളിവുകൾ ഇവിടെയുണ്ടല്ലോ. ആ ആക്ഷേപം ഇവിടെ അന്നത്തെ പ്രതിപക്ഷ നേതാവ് ഉന്നയിച്ചതാണ്. .....(ബഹളം)...

ശ്രീ. എ. കെ. ബാലൻ : സർ,...

ശ്രീ. വി. ഡി. സതീശൻ : അങ്ങ് ഇരിക്കു, അങ്ങ് പറഞ്ഞപ്പോൾ ഞാൻ ഇരുന്നല്ലോ; ഞാനെന്താണ് പറഞ്ഞത്. അത് കള്ളക്കേസ്സാണ്..

മി. സ്പീക്കർ: ശ്രീ. വി. ഡി. സതീശൻ.. അങ്ങ് അവസാനിപ്പിക്കു.

ശ്രീ. വി. ഡി. സതീശൻ: എനിക്കൊരു റൈറ്റുണ്ടല്ലോ. അത് തരൂ.. ഞാൻ പറഞ്ഞത് അത് കള്ളക്കേസാണ്. ഇവിടെയുള്ള തെളിവുകളിൽനിന്ന് വ്യക്തമാണ്. ഒരാളുടെ ശരീരത്തിൽപ്പോലും, ഒരു വനിതാ എം.എൽ.എ.-യേയും അന്നത്തെ ഒരു ഭരണകക്ഷി എം.എൽ.എ.-യും ആക്രമിക്കുകയോ അസഭ്യം പറയുകയോ തെറ്റായ വഴിയിൽ തടുത്ത് നിർത്തുകയോ ഒന്നും ചെയ്തിട്ടില്ല എന്ന് ഈ കേരളം മുഴുവൻ കണ്ടതാണ്. ഈ നിയമസഭയിലുള്ള രേഖകളിൽ നിന്ന് വ്യക്തമാണ്.

മി. സ്പീക്കർ: അത് പരാതിക്കാരല്ലേ പറയേണ്ടത്. അങ്ങ് എങ്ങനെയാണ് അത് പറയുന്നത്. ....(ബഹളം)... നിർഭാഗ്യകരമാണിത്. അങ്ങ് ആവർത്തിച്ചാവർത്തിച്ച് ഇത് പറയുന്നത് ശരിയല്ല. ഈ നിയമസഭയിലെ വനിതാ

സാമാജികർ നൽകിയ പരാതിയെ സംബന്ധിച്ച് അവരുടെ പരാതി പിൻവലിക്കാത്തിടത്തോളം കാലം അതിന് ആധികാരികമായി ശരിയും തെറ്റും അങ്ങിവിടെ പറയുന്നത് ശരിയല്ല. അത് ഖേദകരമാണ്. ....(ബഹളം)... ശരിയല്ല. ...(ബഹളം)... പ്ലീസ്... ഞാൻ അതിനെക്കുറിച്ചൊന്നും പറഞ്ഞില്ല. പക്ഷെ, ഈ സഭയിലെ വനിതാ അംഗങ്ങൾക്കും അവരുടെ അഭിപ്രായം പറയാനുള്ള അവകാശമുണ്ട്. അവർ അവരുടെ പരാതികൾ ഉന്നയിച്ചു. ദയവായി അത് ആവർത്തിക്കരുത്. പ്ലീസ്.. .. (ബഹളം)...

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടെ ഇല്ലാത്ത ഒരു പ്രശ്നത്തിന്റെ പേരിൽ അനാവശ്യമായ പ്രശ്നമുണ്ടാക്കുകയാണ്.....(ബഹളം)...... ഇവിടെ ബഹുമാന്യനായ മുഖ്യമന്ത്രി മറുപടി പറഞ്ഞപ്പോൾ ഉദ്ധരിച്ച സെക്ഷൻ ശ്രീ. വി. ഡി. സതീശൻ എടുത്തു പറഞ്ഞുവെന്നേയുള്ളൂ. മുഖ്യമന്ത്രി പറഞ്ഞത് അങ്ങ് പരിശോധിക്കാമെന്ന് പറഞ്ഞല്ലോ!

മി. സ്പീക്കർ: ചെയർ അത് പരിശോധിച്ച് നടപടി സ്വീകരിക്കാമെന്ന് പറഞ്ഞതോടുകൂടി അത് അവസാനിപ്പിക്കുകയായിരുന്നു വേണ്ടത്. വീണ്ടും വീണ്ടും എഴുന്നേറ്റ് നിന്ന് അതുതന്നെ സംസാരിക്കേണ്ട കാര്യമില്ലായിരുന്നു. ....(ബഹളം)....

ശ്രീ. രമേശ് ചെന്നിത്തല: അവസാനിപ്പിക്കാതെ ഞങ്ങളാണോ

പ്രശ്നമുണ്ടാക്കിയത്? .....(ബഹളം)........ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതോടുകൂടി ആ പ്രശ്നം അവസാനിക്കുകയാണ്. പിന്നെ ആവശ്യമില്ലാതെ പ്രശ്നമുണ്ടാക്കുന്നതെന്തിനാണ്; ഞങ്ങളാണോ പ്രശ്നമുണ്ടാക്കുന്നത്? .... (ബഹളം).....

മി. സ്പീക്കർ: ശ്രീമതി ഇ. എസ്. ബിജിമോളും പാർലമെന്ററികാര്യ വകുപ്പുമന്ത്രിയും അവശ്യപ്പെട്ടതുപ്രകാരം സഭാരേഖകൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഇവിടെ അടിയന്തരപ്രമേയ അവതരണത്തെക്കുറിച്ച് ആദ്യ പരാമർശം നടത്തുമ്പോൾ ഞാൻ സംസാരിച്ച കാര്യങ്ങൾ ചില തെറ്റിദ്ധാരണയുണ്ടാക്കിയെന്നാണ് തോന്നുന്നത്. അത് ഞാൻ ഒന്നുകൂടി ആവർത്തിക്കാം. വനിതാ എം.എൽ.എ.മാർ ഫയൽ ചെയ്ത കേസ്സിലെ കുറ്റകൃത്യം സ്ത്രീകളെ പരസ്യമായി മാനഭംഗപ്പെടുത്തുകയും ദേഹോപദ്രവം ചെയ്തതുമാണ്. ....(ബഹളം)........

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ബലാൽസംഗവും മാനഭംഗവും രണ്ടും രണ്ടാണ്. അത് ശ്രീ. വി. ഡി. സതീശനറിയാം.

അതാദ്യം മനസ്സിലാക്കണം. .....(ബഹളം).......

മി. സ്പീക്കർ: മുഖ്യമന്ത്രി പറയട്ടെ. ദയവായി അനാവശ്യമായ വാക്കുകൾ ഈ സഭയിൽ വീണ്ടും വീണ്ടും വിളിച്ചുപറയരുത്. ....(ബഹളം)......

ശ്രീ. പിണറായി വിജയൻ: സർ, മാനഭംഗപ്പെടുത്തലും ബലാൽസംഗം ചെയ്യലും രണ്ടും രണ്ടാണ്. രണ്ട് തരത്തിലുള്ള വകുപ്പുകളുമാണ്. ഇവിടെ മറ്റൊരു വകുപ്പും ഞാൻ ഉദ്ധരിച്ചില്ല. അതിനുശേഷം ഞാൻ പറഞ്ഞൊരു വാചകം, 'വനിതാ എം.എൽ.എ.മാരെ സഭയ്ക്കകത്തുവച്ച് ദേഹോപദ്രവം ഏൽപ്പിക്കുകയും അതിൽ ഒരു എം.എൽ.എ. ബോധരഹിതയായി സഭയിൽ വീഴുകയും മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഐ.സി.യൂണിറ്റിൽ അഡ്മിറ്റ് ചെയ്യുകയുമുണ്ടായി. അവരെല്ലാം സ്പീക്കർക്ക് പരാതി എഴുതി സമർപ്പിച്ചു.' ഇതാണ് ഞാൻ പറഞ്ഞ കാര്യം. ബഹുമാന്യനായ വി. ഡി. സതീശൻ അതിനകത്ത് വേറൊന്ന് കൂട്ടിച്ചേർത്ത് പറഞ്ഞു. അതാണ് സ്വാഭാവികമായും പ്രതിഷേധത്തിനിടയാക്കിയത്. അത് നിർഭാഗ്യകരമാണ്. ബലാൽസംഗം ചെയ്തുവെന്ന് പറയാൻ പാടില്ലായിരുന്നു. നമ്മൾ അപമാനങ്ങളിങ്ങനെ ചാർത്തിക്കൊണ്ടിരിക്കണ്ടല്ലോ. അത് ആവശ്യമുണ്ടായിരുന്നില്ല. നിയമനിർമ്മാണ സഭ സ്വയംനിർണ്ണയ അവകാശമുള്ള സഭയാണ്. സഭയേയും സഭയുടെ നടപടിക്രമങ്ങളെയും സംബന്ധിച്ച ഏത്

കാര്യത്തിലും അന്തിമ തീരുമാനം കൈക്കൊള്ളുക സഭ തന്നെയാണ്. അത് നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ജനാധിപത്യത്തിൽ അതുതന്നെയാണ് ആശാസ്യമായിട്ടുള്ളത്. ജനാധിപത്യ തത്വം എന്നും ഉയർത്തിപ്പിടിച്ച ചരിത്രമാണ് ഈ നിയമസഭയ്ക്കുള്ളത്. അതിന്റെ സ്പിരിറ്റ് ഉൾക്കൊള്ളുന്ന വിധത്തിൽ മാത്രമാണ് ഈ പ്രമേയത്തിനാസ്പദമായ നടപടിയും ഉണ്ടായിട്ടുള്ളത്. സഭയിലെ നടപടിക്രമങ്ങളെ സാധാരണ നിലയിൽ കോടതിയിലേയ്ക്ക് വലിച്ചിഴയ്ക്കരുത്. അത് സഭയുടെ അന്തസ്സ് കെടുത്തുകയാണ് ചെയ്യുന്നത്. മാത്രമല്ല, സഭയുടെ ജനാധിപത്യ അവകാശത്തെ ദുർബലപ്പെടുത്താനും അത് വഴിവയ്ക്കും. ലെജിസ്ലേച്ചറും ജുഡീഷ്യറിയും തമ്മിൽ ആരോഗ്യകരമായ ബന്ധമുണ്ട്. ഇത്തരത്തിൽ വന്നാൽ ലെജിസ്ലേച്ചറും ജുഡീഷ്യറിയും തമ്മിൽ ആശാസ്യകരമല്ലാത്ത സംഘർഷത്തിനുപോലും വഴിവയ്ക്കുന്നതിനിടയാക്കും. അത്തരം ആപത്തുകൾ ഉണ്ടാകാതിരിക്കാനുള്ള മുൻകരുതലോടെയാണ് ഭരണഘടനാ ശിൽപികൾ ലെജിസ്ലേച്ചർ, എക്സിക്യൂട്ടീവ്, ജുഡീഷ്യറി എന്നിവയ്ക്ക് കൃത്യമായ വേർതിരിവുകൾ കൽപ്പിച്ചത്. ഇതുമൂന്നും ജനാധിപത്യത്തിന്റെ നെടുംതൂണുകളാണ്. ഇതിലൊന്ന് മറ്റൊന്നിന്റെ അധികാരത്തിൽ കടന്നുകയറാൻ പാടില്ല. ഒന്നിന്റെ അധികാരം മറ്റൊന്നിന് കൈമാറ്റം ചെയ്യുന്നതും ആദ്യന്തികമായി ഭരണഘടനാത്തകർച്ചയ്ക്കും

ജനാധിപത്യത്തകർച്ചയ്ക്കും വഴിവയ്ക്കുന്നതിന് ഇടയാക്കും. ഈ കാര്യം നാം ഗൗരവമായി കാണേണ്ടതുണ്ട്. അസാധാരണമായ സാഹചര്യത്തിൽ കുറ്റകൃത്യത്തിന്റെ കാര്യത്തിൽപ്പോലും പുറമെനിന്നുണ്ടാകുന്ന നടപടി സഭയുടെ അറിവോടെ ആകണമെന്നതാണ് നമ്മുടെ സഭയിലെ കീഴ്വഴക്കം. പുറത്തുനടന്ന ഏതെങ്കിലും ഒരു കുറ്റകൃത്യം സംബന്ധിച്ച് ഒരു നിയമസഭാംഗത്തെ അറസ്റ്റ് ചെയ്താൽ സ്പീക്കറെ അറിയിക്കണമെന്ന വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥ ഇതിന്റെയെല്ലാം ഭാഗമായി നിലനിൽക്കുന്നതാണ്. ജനപ്രതിനിധി സഭയ്ക്ക് ചില സവിശേഷതകളുണ്ട്. ആ സവിഷേതയുടെ ദൃഷ്ടാന്തമായിട്ടാണ് ഇത്തരം കാര്യങ്ങൾ കാണാൻ സാധിക്കുക. ഉത്തരവാദപ്പെട്ട ജനപ്രതിനിധികൾ നിയമനിർമ്മാണ സഭയുടെ സ്വയം നിർണ്ണയാവകാശവും പരമാധികാരവും മറ്റൊവിടേയ്ക്കും കൈമാറ്റം ചെയ്യപ്പെടുകയില്ലായെന്ന ഉറപ്പു നൽകുന്ന വിധത്തിലാണ് പ്രവർത്തിക്കേണ്ടത്. നിയമസഭയിൽ മുമ്പുണ്ടായതും ഈ പ്രമേയത്തിന് അടിസ്ഥാനമായതുമായ സംഭവം സംബന്ധിച്ച കേസ് എടുക്കാനും പോലീസിൽ പരാതി നൽകാനും നിയമസഭയോ നിയമസഭയുടെ അധികാരത്തിന്റെ കസ്റ്റോഡിയനായ ബഹുമാനപ്പെട്ട സ്പീക്കറോ നിശ്ചയിച്ചിരുന്നില്ല. അത്തരമൊരു നിശ്ചയത്തിന്റെ അഭാവത്തിൽ ഒരു ഉദ്യോഗസ്ഥൻ നൽകുന്ന പരാതി നിയമസഭയുടെ പരാതിയാകുന്നില്ല.

നിയമസഭയ്ക്കാകട്ടെ അതിന്റെ അധികാരം ഏതെങ്കിലും രീതിയിൽ കൈമാറ്റം ചെയ്യാനോ അധികാരത്തിൽ ഏതെങ്കിലും തരത്തിലുള്ള വിട്ടുവീഴ്ച ചെയ്യാനോ ആവുകയുമില്ല. ഇത്തരമൊരു പശ്ചാത്തലത്തിലാണ് കോടതിയുടെ അനുമതിയോടെ ഈ കേസ് പിൻവലിക്കുന്നതിന് എതിർപ്പില്ലെന്ന നിലപാടിലേയ്ക്ക് എത്തിയത്. അതിൽ യാതൊരു അനൗചിത്യവുമില്ല. സഭയുടെ അധികാരം ജനങ്ങളുടെ അധികാരമാണ്. അത് ഉയർത്തിപ്പിടിക്കുക മാത്രമേ ഇവിടെയുണ്ടായിട്ടുള്ളൂ. സഭയ്ക്കു പുറത്ത് നടന്ന കുറ്റകൃത്യങ്ങൾ മുൻനിർത്തി ഇവിടെ കേസുകൾ ഗവൺമെന്റുകൾ പിൻവലിച്ച പഴയ അനുഭവങ്ങൾ നമ്മുടെ മുന്നിൽ എത്രയോ ഉള്ളതാണ്. അതിൽ ഒരു കാര്യം പൊതുസമൂഹവും ഈ സഭയും തന്നെ പലവട്ടം ചർച്ച ചെയ്ത ഒന്നാണ്, ശ്രീ. പ്രവീൺ തൊഗാഡിയയ്ക്കെതിരെയുള്ള കേസ് പിൻവലിച്ച കാര്യം. ശ്രീ. പ്രവീൺ തൊഗാഡിയ പ്രതിയായ കേസ് 2013 ജൂൺ 5-ാം തീയതി പിൻവലിക്കാൻ അനുമതി നൽകിയത് അന്ന് ശ്രീ. കുമ്മനം രാജശേഖരൻ നൽകിയ അപേക്ഷയിന്മേലായിരുന്നു. അതുമാത്രമല്ല നമ്മുടെ സംസ്ഥാനത്ത് പഴയ അനുഭവങ്ങൾ പരിശോധിച്ചാൽ 12 വിജിലൻസ് കേസുകൾ പിൻവലിക്കാൻ തീരുമാനിച്ചതായി കാണാൻ കഴിയും. വിജിലൻസ് കേസുകളൊന്നും ഒരുകാലത്തും പിൻവലിക്കുന്ന രീതിയുണ്ടാകാറില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 2015

ഫെബ്രുവരി 7 വരെയുള്ള കണക്കനുസരിച്ച് 5607 ക്രൈം കേസുകൾ പിൻവലിക്കുന്ന നിലയുണ്ടായിട്ടുണ്ട്. ആർ.എസ്.എസ്.-ലും ബി.ജെ.പി.യിലും എ.ബി.വി.പി.യിലുമുള്ളവർ പ്രതികളായ 12 കേസുകൾ ആ കാലത്ത് പിൻവലിച്ചിരുന്നു. ഇവിടെ ഓർമ്മിക്കേണ്ട കാര്യം, ഒരു പോലീസ് സി.ഐ.യെ ബോംബ് എറിഞ്ഞ് അദ്ദേഹത്തിന്റെ കാൽ ചിതറിപ്പോയ അവസ്ഥയുണ്ടായി. അതിൽ പ്രതികളായവരുടെ കേസ് പിൻവലിച്ചുകൊടുത്തത് സാധാരണ നിയമനടപടിക്രമങ്ങളിൽ നിന്ന് വ്യത്യസ്തമായ ഒന്നായിരുന്നു. പോലീസ് ഉദ്യോഗസ്ഥനെ ആക്രമിച്ച കേസ് പിൻവലിക്കുന്നത് പോലീസിന്റെ മനോവീര്യം കെടുത്താനാണ് ഉപകരിക്കുക. അക്രമിയായ ആൾ ഏതോ ഉദ്യോഗത്തിന് ചേരുന്നതിന് തടസ്സമായിപ്പോകുമെന്ന ന്യായം പറഞ്ഞാണ് പഴയ ഗവൺമെന്റ് അത് പിൻവലിക്കുന്നതിന് തയ്യാറായത്. ഇത്തരം കാര്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടന്നത് ഓർമ്മിക്കുമ്പോൾ ആ സ്വഭാവത്തിലുള്ളതല്ല ഈ കേസ് പിൻവലിക്കൽ എന്നുകൂടി അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഇത് സഭയുടെയും സഭാംഗങ്ങളുടെയും അവകാശങ്ങളുമായി ബന്ധപ്പെട്ട കാര്യമാണ്. അത്തരം കാര്യങ്ങളിൽ തീർപ്പ് കൽപ്പിക്കേണ്ടത് സഭ തന്നെയാണെന്ന കാര്യത്തിൽ രണ്ടഭിപ്രായം ഉണ്ടാകാനിടയില്ല. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ സർക്കാർ എടുത്തത്

ഉചിതമായ നടപടിയാണെന്നാണ് അറിയിക്കാനുള്ളത്. ഇതിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യത്തക്കതായ ഒരു ഗൗരവാവസ്ഥയും നിലനിൽക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തര പ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി വളരെ വിചിത്രമായ വാദമാണ് കേസ് പിൻവലിക്കുന്നതുമായി ബന്ധപ്പെട്ട് ഇവിടെ പറഞ്ഞത്. അദ്ദേഹം ജുഡീഷ്യറിയുടെയും എക്സിക്യൂട്ടീവിന്റെയും ലെജിസ്ലേച്ചറിന്റെയും അധികാരത്തെപ്പറ്റിയൊക്കെ ഇവിടെ പറഞ്ഞു. അതൊന്നും ഈ കേസിൽ യാതൊരു സാംഗത്യവുമുള്ള കാര്യമല്ല. ജുഡീഷ്യറിക്കും ലെജിസ്ലേച്ചറിനും എക്സിക്യൂട്ടീവിനും അതിന്റേതായ അധികാരമുണ്ട്. ഇതെല്ലാം സ്വതന്ത്രമായി പ്രവർത്തിക്കേണ്ട മേഖലകൾ തന്നെയാണ്. അതിലൊന്നും ആർക്കും തർക്കമില്ല. എക്സിക്യൂട്ടീവ് ജുഡീഷ്യറിയെയോ ജുഡീഷ്യറി ലെജിസ്ലേച്ചറിനെയോ ഓവർലാപ്പ് ചെയ്യുമ്പോൾ അതിനെതിരെയുള്ള ശക്തമായ അഭിപ്രായങ്ങൾ എല്ലാവരും രേഖപ്പെടുത്താറുണ്ട്. അതൊന്നുമല്ല ഇവിടത്തെ വിഷയം. കേരള നിയമസഭയുടെ

ചരിത്രത്തിൽ ഒരിക്കലുമുണ്ടാകാത്ത സംഭവമാണ് 2015 മാർച്ച് 13-ന് ഉണ്ടായത്. അതൊരു കറുത്ത അദ്ധ്യായമായി ഈ സഭയുള്ളിടത്തോളം കാലം വിലയിരുത്തപ്പെടുമെന്ന കാര്യത്തിലും തർക്കം വേണ്ട. ലെജിസ്ലേച്ചർ എന്നുപറയുന്നത് "It is a product of the constitution." ഭരണഘടനയുടെ ഉത്പന്നമാണ് ഈ സഭ. അപ്പോൾ ഭരണഘടനാപരമായ വലിയ ചുമതല നടത്തുന്നത് തടയാൻ അന്നത്തെ പ്രതിപക്ഷ സാമാജികരായ ആളുകൾ അഴിച്ചുവിട്ട അക്രമവും നശീകരണവും ഇന്ത്യൻ ജനാധിപത്യ ചരിത്രത്തിലെ കളങ്കമായി തന്നെ നിലനിൽക്കും. ഭരണഘടനാ പ്രകാരം ധനകാര്യ വകുപ്പുമന്ത്രിയുടെ ഉത്തരവാദിത്തമാണ് സഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കുകയെന്നുള്ളത്. മാണി സാർ തന്റെ ഭരണഘടനാപരമായ ഉത്തരവാദിത്തം നിറവേറ്റാൻ ഇവിടെ വന്നപ്പോൾ അദ്ദേഹത്തിന് സഭയിൽ പ്രവേശിക്കാനോ ബഡ്ജറ്റ് അവതരിപ്പിക്കാനോ ബഹുമാനപ്പെട്ട സ്പീക്കർക്ക് സഭാ നടപടികൾ മുന്നോട്ടുകൊണ്ടുപോകാനോ കഴിയാത്ത നിലയിൽ അന്നത്തെ പ്രതിപക്ഷ എം.എൽ.എ.മാർ നടത്തിയ പ്രകടനം കേരള ചരിത്രത്തിലെ കറുത്ത അദ്ധ്യായമായി ജനങ്ങൾ വിലയിരുത്തുന്ന ഒന്നുതന്നെയാണ്. ലോകം മുഴുവൻ കണ്ട കാര്യമാണ്. ജനാധിപത്യ പ്രക്രിയയിൽ തെരഞ്ഞെടുക്കപ്പെട്ടവർ തന്നെ ജനാധിപത്യ സംവിധാനങ്ങളുടെ അന്തസ്സ് തകർക്കുന്ന നടപടിയാണ് നമ്മൾ കണ്ടത്.

ലോകമെമ്പാടുമുള്ള മനുഷ്യർ വാർത്താ ചാനലിലൂടെ പ്രബുദ്ധ മലയാളികളുള്ള കേരളത്തിന് തലതാഴ്ത്തി നിൽക്കേണ്ടിവന്ന സന്ദർഭമാണ് ഉണ്ടായത്. അമേരിക്കൻ ഐക്യനാടുകളുടെ ശിൽപ്പിയും മൂന്നാമത്തെ പ്രസിഡന്റുമായ തോമസ് ജെഫേഴ്സൺ പറഞ്ഞിട്ടുണ്ട് "The greatest threat of democracy comes from within its own borders" ജനാധിപത്യത്തിനുനേരെയുള്ള ഭീഷണികൾ ഉയരുന്നത് അതിനുള്ളിൽ നിന്നുതന്നെയായിരിക്കുമെന്നാണ്. ഇവിടെ ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ നിന്ന് തന്നെയാണ് ജനാധിപത്യ സംവിധാനത്തെ പിച്ചിച്ചീന്തുന്ന നടപടികൾ ഉണ്ടായതെന്നുള്ള കാര്യം മറന്നുപോകരുത്. ബഹുമാന്യനായ മുഖ്യമന്ത്രി അന്ന് അങ്ങ് ഈ സഭയിലില്ലായിരുന്നു. അന്ന് ഈ സഭയിലുണ്ടായിരുന്ന എല്ലാവർക്കും അറിയുന്ന കാര്യമാണ് അന്ന് എന്താണ് ഉണ്ടായതെന്ന്. ബഡ്ജറ്റ് അവതരിപ്പിക്കുകയെന്നത് ഒരു മന്ത്രിയുടെ സുപ്രധാനമായ ഉത്തരവാദിത്തമാണ്. ഭരണഘടനാപരമായ ബാധ്യതയാണ്. ആ ബാധ്യതയാണ് ബഹുമാന്യനായ മാണി സാർ ഇവിടെ നിറവേറ്റിയിത്. അത് അക്രമത്തിലൂടെ തടയുകയെന്നാൽ ഭരണഘടന തന്നെ അട്ടിമറിക്കുന്നതിന് തുല്യമാണ്. അത്തരത്തിലുള്ള അട്ടിമറിയാണ് സഭയിൽ അരങ്ങേറിയത്. അന്ന് നിയമസഭയിൽ ബഡ്ജറ്റ് അവതരിപ്പിക്കാൻ കഴിഞ്ഞില്ലായിരുന്നെങ്കിൽ ഉണ്ടാകുമായിരുന്ന കോൺസ്റ്റിറ്റ്യൂഷണൽ

ബ്രേക്ക്ഡൗണിന് ആര് ഉത്തരവാദിയായേനേ? അന്ന് ഗവർണ്ണർ പറഞ്ഞു, " വടി എടുത്ത് ഗവർണ്ണർ; 356- ാം വകുപ്പ് പ്രയോഗിക്കേണ്ട സാഹചര്യം; നടപടി വേണം, രാഷ്ട്രപതിക്ക് റിപ്പോർട്ട് നൽകും; സഭയിലെ അഴിഞ്ഞാട്ടം, ബഹുമാനപ്പെട്ട സ്പീക്കറുടെ നിലപാട് ഗവർണ്ണർ ശരിവച്ചു" ബഡ്ജറ്റ് അവതരിപ്പിക്കുകയെന്നത് ഒരു sanctity അല്ലേ? sanctity-യുള്ള ബഡ്ജറ്റ് അവതരിപ്പിക്കാനുള്ള മാണി സാറിന്റെ ശ്രമങ്ങളെയാണ് അന്നത്തെ പ്രതിപക്ഷം കായികമായി നേരിടുകയെന്ന നിലപാട് സ്വീകരിച്ചത്. അന്ന് നടന്ന അക്രമങ്ങളിൽ പങ്കെടുത്ത അംഗങ്ങൾക്കെതിരെ കേസെടുക്കാൻ അന്നത്തെ സർക്കാരും സ്പീക്കറും തീരുമാനിച്ചത് ജനാധിപത്യ മര്യാദകൾ മാനിക്കണമെന്നതുകൊണ്ടുതന്നെയാണ്. നിയമവാഴ്ച പുലരണമെന്ന് ആഗ്രഹിക്കുന്നതുകൊണ്ടാണ്. നിയമങ്ങളുണ്ടാക്കാൻ ബാധ്യസ്ഥപ്പെട്ടവർ തന്നെ നിയമവാഴ്ചയെ പിച്ചിചീന്താൻ ശ്രമിക്കുമ്പോൾ അതിനെ നിയമപരമായി നേരിടണമെന്ന ഉത്തമ ബോധ്യത്തോടെയായിരുന്നു അന്ന് കേസെടുക്കാൻ തീരുമാനിച്ചത്. ഇവിടെ ബഹുമാന്യനായ മുഖ്യമന്ത്രി വിചിത്രമായ വാദം ഉന്നയിച്ചു. സഭയിൽ നടക്കുന്ന കാര്യങ്ങൾ സഭ തീർക്കണ്ടേയെന്ന്. അത് ശരിയാണോ? സഭയിലൊരു കൊലപാതകമുണ്ടായാൽ അതിന്റെ പേരിൽ കേസെടുക്കേണ്ടേ? ഇന്ത്യയിലെ ഏതെങ്കിലും നിയമസഭയിൽ ദൗർഭാഗ്യവശാൽ ഒരു

കൊലപാതകമുണ്ടായാൽ അതിൽ സഭയാണോ തീരുമാനിക്കേണ്ടത്; അത് ക്രിമിനൽ കുറ്റമല്ലേ? M.N. Kaul, S.L.Shakdher എന്നിവർ എഴുതിയ Practice and Procedure of Parliament-ൽ വ്യക്തമായി സൂചിപ്പിക്കുന്നുണ്ട് - "A criminal act committed by a Member within the House cannot be regarded as a part of the proceedings of the House for the purpose of protection." സഭയിൽ നടക്കുന്ന ഒരു കുറ്റകൃത്യത്തിന് സഭയുടെ പ്രൊട്ടക്ഷൻ കിട്ടുകയില്ല എന്ന് ഭരണഘടനാപരമായും ശക്തർ ആന്റ് കൗളിലും വളരെ വ്യക്തമായി പറയുന്നുണ്ട്. ഈ സഭയ്ക്കകത്ത് നടന്നത് ഒരു ക്രിമിനൽ ആക്ടാണ്. എന്താണ് സംഭവിച്ചത്? ഒരു വിഭാഗം ആളുകൾ ധനകാര്യ വകുപ്പുമന്ത്രിയെ തടയുന്നു; കുറേ പേർ സ്പീക്കറെ തടയുന്നു; സ്പീക്കറുടെ ചെയർ എടുത്ത് താഴെയിടുന്നു; അവിടെയുണ്ടായിരുന്ന മുഴുവൻ സാധനങ്ങളും അടിച്ചുതകർക്കുന്നു. It is a criminal act. മാത്രമല്ല, പൊതുമുതൽ നശീകരണമാണ്. പൊതുമുതൽ നശിപ്പിച്ചാൽ ഇന്നുള്ള നിയമപ്രകാരം 5 വർഷം വരെ ശിക്ഷ ലഭിക്കാവുന്നതാണ്. 1966-ൽ മഹാരാഷ്ട്ര നിയമസഭയിൽ നടന്ന ഒരു സംഭവത്തെക്കുറിച്ച് ശ്രീ. വി.ഡി. സതീശൻ ഇവിടെ സൂചിപ്പിച്ചു. സഭയുടെ സംരക്ഷണം ലഭിക്കാതെ ആ നിയമസഭാ സാമാജികന്റെ പേരിൽ കേസെടുക്കുകയും 6 മാസം തടവ് ശിക്ഷയ്ക്ക് വിധിക്കുകയും ചെയ്തു. അക്രമം ഒരു നിയമസഭാംഗത്തിന്റെ

അവകാശമാണോ? ഇവിടെയുള്ള മൈക്ക് തകർക്കുകയും ബഹു. സ്പീക്കറുടെ ചെയററെടുത്ത് താഴെയിടുകയും ചെയ്ത് മുണ്ടും മടക്കിക്കുത്തി ഇവിടെ ഡാൻസ് കളിക്കുന്നതും സഭയിലെ അംഗത്തിന്റെ അവകാശമാണോ? ഇത് എവിടെയാണ് അംഗീകരിക്കപ്പെട്ടിട്ടുള്ളത്? ഇവിടെ വച്ചിരിക്കുന്ന പേപ്പർ മുതൽ കുടിവെള്ളം വരെ പൊതുജനങ്ങളുടെ പണമാണ്. പബ്ലിക് പ്രോപ്പർട്ടിയാണ്. പബ്ലിക് പ്രോപ്പർട്ടിയുടെ നശീകരണത്തിന് കേസെടുക്കുന്നതും സഭയിലെ അംഗങ്ങളുടെ അവകാശവും തമ്മിൽ കൂട്ടിക്കലർത്തി ബഹു. മുഖ്യമന്ത്രി ന്യായീകരിക്കുവാൻ ശ്രമിക്കുന്നത് എത്ര തെറ്റായ നടപടിയാണ്. നിയമനിർമ്മാണ സഭകൾ ക്രിമിനൽ കുറ്റങ്ങൾ അരങ്ങേറാനുള്ള വേദികളല്ല. അത്തരത്തിൽ അതിനെ മാറ്റിത്തീർക്കുന്നവർ ജനാധിപത്യത്തിന്റെ ശത്രുക്കളാണ്. ജനാധിപത്യത്തെ തകർക്കാനുള്ള നടപടിയായി മാത്രമേ അതിനെ കാണാൻ കഴിയൂ. ഇവിടെ പിൻവലിച്ച കേസുകളുടെ കാര്യമൊക്കെ ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞു. പ്രവീൺ തൊഗാഡിയയുടെ കാര്യം അങ്ങ് വീണ്ടും ആവർത്തിച്ചു. പ്രവീൺ തൊഗാഡിയയുടെ കേസ് ഒരു ഗവൺമെന്റും പിൻവലിച്ചിട്ടില്ല. അന്നത്തെ മുഖ്യമന്ത്രിയായ ഉമ്മൻ ചാണ്ടി ആ കേസ് പിൻവലിച്ചിട്ടില്ല. കോടതിയിൽ ആ കേസുണ്ടായിരുന്നു. പിന്നീട് വന്ന എൽ.ഡി.എഫ്. ഗവൺമെന്റ് നടപടിയെടുക്കാത്തതിന്റെ ഫലമായി കോടതിയിൽ

ആ കേസ് ലാപ്സായിപ്പോകുകയാണുണ്ടായത്. അങ്ങയുടെ കൈയിൽ മുഴുവൻ ഫയലുമുണ്ടല്ലോ, ആ ഫയൽ പരിശോധിച്ചാൽ മതി. വസ്തുതകൾ പരിശോധിക്കാതെയാണ് അങ്ങ് ഈ കാര്യം വീണ്ടും ആവർത്തിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് പ്രവീൺ തൊഗാഡിയയുടെ ഒരു കേസും പിൻവലിച്ചിട്ടില്ല. അത് തെറ്റായ കാര്യമാണ്. ഇടതുമുന്നണി ഗവൺമെന്റ് ശരിയായ നിലയിൽ ആ കേസ് മുന്നോട്ടുകൊണ്ടുപോയില്ല എന്നുള്ളതു കൊണ്ടാണ് കോടതിയിൽ ലാപ്സായിപ്പോയത്.

അതുപോലെ വിജിലൻസ്, കേസുകൾ പിൻവലിച്ചുവെന്ന് പറഞ്ഞു. ബഹുമാന്യനായ മുഖ്യമന്ത്രി, അങ്ങയുടെ കാലത്ത് ശ്രീ. ലോക്നാഥ് ബെഹ്റ വിജിലൻസ് ഡയറക്ടർ ആയിരിക്കുന്ന കാലത്താണ് പ്രധാനപ്പെട്ട മുഴുവൻ കേസുകളും എഴുതിത്തള്ളിയതെന്നുള്ള കാര്യം മറക്കരുത്. ശ്രീ. വി. എസ്. അച്ചുതാനന്ദന്റെ മകൻ ശ്രീ. അരുൺ കുമാറിനെതിരായ കേസും ശ്രീ. ഇ. പി. ജയരാജനെതിരായ കേസും ആരാണ് എഴുതിത്തള്ളിയത്? ശ്രീ. ലോക്നാഥ് ബെഹ്റയുടെ പേരിൽത്തന്നെയുള്ള കേസ് ആരാണ് എഴുതിത്തള്ളിയത്? പോലീസ് സ്റ്റേഷന്റെ പെയിന്റടി വിവാദത്തിൽ പ്രതിയായ ആൾ തന്നെ തന്റെ കേസ് എഴുതിത്തള്ളുക, കേരളത്തിൽ ആദ്യമായി കേൾക്കുന്ന കാര്യമാണ്. ഏതായാലും ആഭ്യന്തരവുമായി

ബന്ധപ്പെട്ട ചർച്ച വരുന്നുണ്ടല്ലോ. അന്നേരം കൂടുതൽ കാര്യങ്ങൾ പറയാം.

ശ്രീ. ഇ. പി. ജയരാജൻ: സർ, എന്റെ കേസ് ഗവൺമെന്റ് എഴുതിത്തള്ളിയതല്ല. ബഹു. കേരള ഹൈക്കോടതി എല്ലാം പരിശോധിച്ച്, ഇതിൽ കേസെടുക്കാൻ സാധിക്കില്ല; ഇത് നിലനിൽക്കുകയില്ല എന്ന് കോടതിയാണ് പറഞ്ഞത്. ഇത് അങ്ങേയ്ക്ക് അറിയില്ലേ? നിങ്ങളുടെ വിശ്വസ്ത സുഹൃത്തുക്കൾ അതിൽ പ്രതികളാണെന്നുള്ളതുകൊണ്ട് നിയമസഭയിൽ ഇങ്ങനെ കള്ളത്തരം പറയരുത്. അറിഞ്ഞ കാര്യം മറച്ചുവയ്ക്കരുത്.

ശ്രീ. രമേശ് ചെന്നിത്തല: ശ്രീ. ഇ. പി. ജയരാജൻ അങ്ങ് പറഞ്ഞത് ശരിയാണ്. അതിന് ആധാരമായ റിപ്പോർട്ട് കൊടുത്തത് വിജിലൻസിൽ നിന്നായിരുന്നു. അങ്ങയുടെ പേരിൽ എഫ്.ഐ.ആർ. എടുക്കാനുള്ള നിയമപരമായ എല്ലാ സംഗതികളുമുണ്ട് എന്ന് പറഞ്ഞത് ശ്രീ. ജേക്കബ് തോമസാണ്, ഞങ്ങളല്ല. അങ്ങയുടെ കേസ് കോടതിയാണ് തള്ളിയത്. അതിന് ഉപോൽബലകമായ റിപ്പോർട്ട് കൊടുത്തത് വിജിലൻസാണ്.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ, ഒരു ക്രിമിനൽ കേസ് ലാപ്സായി പോകുമെന്ന് ക്രിമിനൽ നടപടി നിയമത്തിലെ ഒരു വകുപ്പിലും പറയുന്നില്ല. അങ്ങ് പറഞ്ഞ ലാപ്സായിപ്പോകുന്ന ഒരു സംഭവം ഒരു

ക്രിമിനൽ കേസുമായി ബന്ധപ്പെട്ടില്ല.

<u>ശ്രീ. രമേശ് ചെന്നിത്തല</u>: ലാപ്സ് എന്നുള്ള വാക്ക് ഞാൻ പിൻവലിക്കുന്നു; തള്ളിപ്പോയി എന്നുള്ളതാണ്. ഇവിടെ കേസുകൾ പിൻവലിക്കാൻ ഗവൺമെന്റിന് അധികാരമുണ്ട്. ഗവൺമെന്റിന് അധികാരമുണ്ടെന്ന് കരുതി എല്ലാ കേസുകളും പിൻവലിക്കുന്ന നടപടി ശരിയാണോ? 09.02.2018-നാണ് ഈ കേസ് പിൻവലിക്കാൻ സർക്കാരിന് എതിർപ്പില്ലെന്ന് അറിയിക്കുന്നത്. എല്ലാ കേസുകളും പിൻവലിക്കുന്നത് അങ്ങനെ തന്നെയാണ്. സർക്കാരിന് എതിർപ്പില്ലെന്ന് പബ്ലിക് പ്രോസിക്യൂട്ടറെ അറിയിക്കും, പബ്ലിക് പ്രോസിക്യൂട്ടർ കോടതിയിൽ പറയും. കോടതിയുടെ അനുവാദത്തോടെ കോടതിക്ക് ബോധ്യപ്പെടുന്ന പക്ഷം പിൻവലിക്കും, അല്ലെങ്കിൽ പിൻവലിക്കില്ല. ഇത് സാധാരണ നടപടിക്രമമാണ്. സർക്കാരിന്റെ ഇന്റൻഷൻ ഇതിൽ നിന്ന് വളരെ വ്യക്തമാണ്. ജനാധിപത്യത്തിന്റെ ശ്രീകോവിലായ ഈ നിയമസഭയ്ക്കകത്ത് ചില നിയമസഭാ സാമാജികന്മാർ നടത്തിയ കുറ്റകൃത്യങ്ങളെ ന്യായീകരിച്ച ബഹു. മുഖ്യമന്ത്രിയുടെ നടപടി അങ്ങേയറ്റം തെറ്റായിപ്പോയി എന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങ് ഇത് പിൻവലിക്കുക വഴി കേരളത്തിലെ ജനാധിപത്യ ചരിത്രത്തിലെ മറ്റൊരു കറുത്ത അധ്യായം അങ്ങ് ഉണ്ടാക്കുകയാണ്. തീരാ കളങ്കമാണ് ഇത്. ഇത് ശരിയായ നടപടിയല്ല.

ജനാധിപത്യ സംവിധാനത്തിൽ എം.എൽ.എ.-മാർക്ക് എന്തും കാണിക്കാമോ? എം.എൽ.എ.-മാർ ഈ നിയമങ്ങൾക്കൊന്നും അതീതരല്ലേ. ഇവിടെ ശ്രീ. വി. ഡി. സതീശൻ പറഞ്ഞു - Rules of Business ആണ് നമ്മളെ ഗവേൺ ചെയ്യുന്നത്. ഭരണഘടന നമ്മളെ ഗവേൺ ചെയ്യുന്നു. ഇവിടെ നമ്മൾ സംസാരിക്കുന്നതിനുപോലും, നമ്മുടെ നടപടിക്രമങ്ങൾ പോലും ഇഷ്ടാനുസരണം ആർക്കും...., അങ്ങേയ്ക്കുപോലും ചെയ്യാൻ കഴിയില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പ്രവീൺ തൊഗാഡിയ പ്രതിയായിരുന്ന കേസിനെപ്പറ്റി 16.02.2016-ന് ശ്രീ. കെ. കെ. നാരായണൻ ചോദിച്ച ചോദ്യത്തിന് അങ്ങ് തന്നെ നിയമസഭയിൽ ഒരു മറുപടി കൊടുത്തിട്ടുണ്ട്. കേസ് പിൻവലിക്കുന്നതിന് നിരാക്ഷേപ പത്രം നൽകിയെന്ന് അങ്ങ് തന്നെ സമ്മതിച്ചിരുന്നു. എന്നാൽ രണ്ടാമത്തെ ഭാഗം അതോടൊപ്പം പറയുന്നുണ്ട് എന്നുമാത്രം. നിരാക്ഷേപ പത്രം നൽകിയെന്നത് അങ്ങുതന്നെ സമ്മതിച്ചിട്ടുണ്ട്.

ശ്രീ. ഉമ്മൻ ചാണ്ടി: സർ, ഇത് നേരത്തെ സഭയിൽ ചർച്ചാവിഷയമായതാണ്. പ്രവീൺ തൊഗാഡിയയുടെ കേസിൽ കൃത്യസമയത്ത് തുടർനടപടികൾ സ്വീകരിക്കാതെ വന്നതിനെത്തുടർന്ന് കോടതി തന്നെ അത് ഡിസ്ചാർജ് ചെയ്തു. പഴയ കേസുകൾ കിടക്കുന്നത് പിൻവലിക്കുന്നത് സംബന്ധിച്ചുവന്ന സമയത്ത് അന്ന്

അനുമതി കൊടുത്തുവെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. പക്ഷെ അതനുസരിച്ചല്ല ആ കേസ് തീർന്നത്. അത് കൊടുക്കുന്നതിനുമുമ്പ് തന്നെ കോടതി ആ കേസിൽ തീർപ്പ് കൽപ്പിച്ചിരുന്നു.

ശ്രീ. രമേശ് ചെന്നിത്തല: ഏതായാലും പ്രവീൺ തൊഗാഡിയയ്ക്ക് നമ്മളെല്ലാം കൂടെ സംരക്ഷണം കൊടുക്കേണ്ട സ്ഥിതിയാണ് ഇപ്പോഴുള്ളത്. ബി.ജെ.പി.ക്കാർ അയാളെ കൊല്ലാൻ നടക്കുകയാണ്.

ശ്രീ. പിണറായി വിജയൻ: ഇത്ര ദീർഘവീക്ഷണം നിങ്ങൾക്കുണ്ടായിരുന്നുവെന്നുള്ളത് ആർക്കും മനസ്സിലായിട്ടില്ല;

ശ്രീ. രമേശ് ചെന്നിത്തല: ദീർഘവീക്ഷണത്തിന്റെ പ്രശ്നമല്ല. ഞാൻ പറഞ്ഞുവന്നത്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അങ്ങ് അങ്ങയുടെ മനഃസാക്ഷിയോട് ചോദിക്കണം. കേരള നിയമസഭയിൽ ഇങ്ങനെയൊരു സംഭവം അരങ്ങേറിയത് ശരിയാണോ? ഇത് ശരിയായ നടപടിയാണോ?ഇപ്പോൾ ഞങ്ങൾ പ്രതിപക്ഷത്താണ്. അങ്ങയുടെ ചെയർ ഞങ്ങൾ ഉരുട്ടിയിടുകയും അങ്ങയെ ഇവിടെ കയറ്റാതിരിക്കുകയും ഇവിടെ അടിയുണ്ടാക്കുകയും ചെയ്യുന്ന നടപടി ശരിയാണോ? ഞാൻ അങ്ങയോടല്ല ചോദിക്കുന്നത്. അങ്ങയിലൂടെ ബഹു. മുഖ്യമന്ത്രിയോട് ചോദിക്കുന്നത്. അങ്ങയുടെ അടുക്കൽ നിന്ന് ഒരാൾക്ക്, ഒരു കുട്ടിക്ക് സെൽഫി

പോലും എടുക്കാൻ സാധിക്കില്ല. പിന്നെ അങ്ങയുടെ കൈയിൽ കയറിപ്പിടിച്ചാലുള്ള സ്ഥിതി എന്താകും? ഞങ്ങൾ ഇപ്പോൾ പ്രതിപക്ഷത്താണ്. ഞങ്ങൾ ഈ സഭയ്ക്കകത്ത് അടിയുണ്ടാക്കുക, ബഹളമുണ്ടാക്കുക, സ്പീക്കറുടെ കണ്ണാടി പൊട്ടിക്കുക, അവിടെയിരിക്കുന്ന മൈക്കെല്ലാം എടുത്തുകളയുക..., അന്ന് സഭയ്ക്കകത്ത് ഞങ്ങൾക്ക് ഉത്തരവാദിത്വമുണ്ടെന്ന് പറഞ്ഞ് ഒഴിയാൻ കഴിയുമോ? അപ്പോൾ തെറ്റായ കീഴ്വഴക്കങ്ങൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങുണ്ടാക്കരുതെന്നാണ് എന്റെ അഭിപ്രായം. Its a bad precedent. നമ്മൾ നാളെ ഇവിടെയുണ്ടാകില്ല, പുതിയ തലമുറകൾ ഇവിടെ കടന്നുവരും. അങ്ങ് ദയവായി പുനർചിന്തനം നടത്തണം. ഈ കേസ് പിൻവലിക്കുക വഴി തലമുറകളോട് നിങ്ങൾ ചെയ്യുന്ന ഏറ്റവും വലിയ തെറ്റായിരിക്കും. ജനാധിപത്യത്തിന്റെ ശ്രീകോവിലിനോട്; അതിന്റെ പവിത്രതയോട് ചെയ്യുന്ന ഏറ്റവും വലിയ അപമാനമായിരിക്കുമെന്നാണ് ബഹു. മുഖ്യമന്ത്രിയോട് എനിക്ക് പറയാനുള്ളത്. ഏതായാലും ഈ കേസ് പിൻവലിക്കാൻ അനുമതി കൊടുത്തുകഴിഞ്ഞു. അതിനെ നിയമപരമായി തന്നെ ഞങ്ങൾ നേരിടുമെന്ന് പറയാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. കോടതിയിൽ ഞങ്ങൾ നേരിടും. ഞങ്ങൾക്ക് ഒരു കാര്യം മനസ്സിലായി. അന്നത്തെ പാർട്ടി സെക്രട്ടറിയായ അങ്ങുകൂടി അറിഞ്ഞിട്ടായിരിക്കാം ഒരുപക്ഷെ ഇതെല്ലാം

ചെയ്യതെന്നുള്ളതാണ് ഞങ്ങളുടെ ഇപ്പോഴത്തെ വിലയിരുത്തൽ. ഏതായാലും നിയമസഭയ്ക്കകത്ത് നടക്കുന്ന എല്ലാ കൃത്യങ്ങൾക്കും പ്രൊട്ടക്ഷൻ കൊടുക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ അനുവദിക്കരുത്. അത് തെറ്റായ നടപടിയാണ്. കേരള നിയമസഭയുടെ ചരിത്രത്തിലെ ഏറ്റവും വലിയ ഒരു കറുത്ത അധ്യായത്തിന് ഈ ഗവൺമെന്റ് കൂട്ടുനിൽക്കുന്നുവെന്നുള്ളത് അങ്ങേയറ്റം ദൗർഭാഗ്യകരമായ കാര്യമാണ്. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. രമേശ് ചെന്നിത്തലയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ഒരു വ്യക്തി എത്ര ഉയരത്തിലാണെങ്കിലും അതിനേക്കാൾ ഉയരത്തിലാണ് നിയമം എന്നാണ് തോമസ് മുള്ളർ എന്ന ചരിത്രകാരൻ 17-ാം നൂറ്റാണ്ടിൽ പറഞ്ഞിട്ടുള്ളത്. ഇവിടെ അദ്ദേഹം പറഞ്ഞത് അപ്രസക്തമാണെന്ന് തെളിയിച്ചുകൊണ്ട്, രാഷ്ട്രീയാധികാരമാണ് നിയമത്തിന്റെയും മുകളിൽ എന്നാണ് ഈ കേസ് പിൻവലിക്കുന്നതിലൂടെ ഗവൺമെന്റ് തെളിയിച്ചുകൊണ്ടിരിക്കുന്നത്. ഒരു പ്രതി നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ കേസ് പിൻവലിക്കുന്നത് ചരിത്രത്തിൽ ആദ്യമായാണ്. കേസ് പിൻവലിക്കുന്നതിനുവേണ്ടി നൽകിയ ഉത്തരവിൽ പ്രതിയുടെ കത്താണ് ക്വാട്ട്

ചെയ്തിരിക്കുന്നത്. അഭ്യന്തരവകുപ്പ് കേസ് പിൻവലിക്കൽ അനുമതി നൽകുന്നത് സംബന്ധിച്ച്:- ഒന്ന്, ശ്രീ. വി. ശിവൻകുട്ടി സമർപ്പിച്ച 19-04-2017-ലെ കത്ത് /അപേക്ഷ, രണ്ട്, തിരുവനന്തപുരം ക്രൈം ബ്രാഞ്ച് പോലീസ് സൂപ്രണ്ട് ഇന്ന തീയതിയിൽ നൽകിയിട്ടുള്ള കത്ത്. ആറ് പ്രതികളിൽ ഒരു പ്രതി നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ കേസ് പിൻവലിക്കാൻ സർക്കാർ തയ്യാറാകുന്നതിൽ രാഷ്ട്രീയ ഉദ്ദേശ്യമുണ്ട്. ഇവിടെയുള്ള വിഷ്വൽസ് മുഴുവൻ കണ്ടിട്ടുള്ളതാണല്ലോ; ഇതിലെ പ്രതി ഇവിടെ താണ്ഡവമാടിക്കൊണ്ട് ഭരണപക്ഷ ബെഞ്ചിന്റെ മുകളിൽ മുണ്ടുമടക്കികുത്തി കാണിച്ചിട്ടുള്ള ആക്രമണങ്ങളും.... താണ്ഡവമാടി അവസാനം അദ്ദേഹം തന്നെ ബോധം കെട്ടുവീണു. പവനായി ശവമായി എന്ന് പറഞ്ഞതുപോലെ അദ്ദേഹത്തെ പുറത്തേയ്ക്ക് കൊണ്ടു പോകുന്നതാണ് നമ്മൾ കണ്ടത്. നമ്മളാരും അദ്ദേഹത്തെ തൊട്ടില്ലായെന്നുള്ളത് വിഷ്വൽസ് നോക്കിയാൽ മനസ്സിലാകുന്നതാണ്. ഒരു വനിതാ എം.എൽ.എ.യെപ്പോലും അപമാനിച്ചിട്ടില്ല. ഭരണപക്ഷ ബെഞ്ചിന്റെ അടുത്താണ് വനിതാ എം.എൽ.എ.മാർ ഉണ്ടായിരുന്നത്. അവർ എങ്ങനെയാണ് അവിടെ എത്തിയത്? ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ കസേരയുടെ അടുത്ത് ഓടി വരാൻ ശ്രമിക്കുമ്പോൾ ഭരണപക്ഷ എം.എൽ.എ.മാർ തടഞ്ഞിട്ടുണ്ടെങ്കിൽ, സംരക്ഷണം കൊടുക്കുക എന്നുള്ളത് അവരുടെ ഉത്തരവാദിത്വം ആയിരുന്നു. വനിതാ

എം.എൽ.എ.യെ ആശുപത്രിയിൽ കൊണ്ടുപോയ കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. അവർ വെല്ലിൽ നിന്നാണ് വീണത്. വെല്ലിനകത്ത് ഭരണപക്ഷത്തിലെ ഒരു അംഗവും പോയിട്ടില്ല. അങ്ങയുടെ മുഖം മറച്ചപ്പോൾ ഇവിടത്തെ decorum തകർക്കാൻ പാടില്ലായെന്ന് അങ്ങ് പറഞ്ഞതിനോട് ഞാൻ തത്വത്തിൽ യോജിക്കുന്നു. നിയമസഭാ സാമാജികരെ കാണുന്നത് തടഞ്ഞുകൊണ്ട് ഞങ്ങൾ ബാനർ പിടിച്ചപ്പോൾ അങ്ങ് രോഷാകുലനായിട്ടുണ്ട്. അന്നത്തെ സ്പീക്കറുടെ മുഖം മാത്രമല്ല ബോഡി വരെ മറച്ചിരുന്നു. അദ്ദേഹത്തിന് ആരെയും കാണാൻ കഴിഞ്ഞില്ല; അവസാനം അതിനകത്തുകൂടി നുഴഞ്ഞുകയറി വരികയാണ് ചെയ്തത്. അദ്ദേഹത്തിന് മൈക്ക് ഇല്ലാത്തതിനാൽ ബഡ്ജറ്റ് അവതരിപ്പിക്കാൻ കൈകൊണ്ട് ആംഗ്യം കാണിച്ചിട്ടാണ് അന്ന് ബഡ്ജറ്റ് അവതരിപ്പിച്ചത്. ഞങ്ങൾ എപ്പോഴെങ്കിലും ഈ പടിയുടെ മുകളിലോട്ട് കയറിയിട്ടുണ്ടോ; ഈ പടിയുടെ മുകളിൽ കയറി വന്ന് അങ്ങയുടെ കസേരയും മുന്നിലുള്ള കമ്പ്യൂട്ടറും തകർത്താൽ സഭയുടെ അനുമതിക്കുവേണ്ടി കാത്തുനിൽക്കുമോ; സഭാദ്ധ്യക്ഷൻ എന്ന നിലയ്ക്ക് അങ്ങ് നടപടി സ്വീകരിക്കുമോ; അങ്ങ് സ്വീകരിക്കും. സ്വീകരിച്ചിട്ടില്ലെങ്കിൽ അങ്ങ് സ്പീക്കർ സ്ഥാനത്ത് ഇരിക്കാൻ അർഹനല്ലായെന്നുള്ളതാണ് എന്റെ അഭിപ്രായം. അങ്ങനെ ഈ decorum തകർക്കുന്ന രീതിയിൽ ആരെങ്കിലും വന്നാൽ നടപടി

സ്വീകരിക്കണ്ടേ? കഴിഞ്ഞ സ്പീക്കർ എടുത്ത തീരുമാനമാണ് ഞാൻ പറയുന്നത്. സ്പീക്കർമാർ മാറിമാറി വന്നാലും ഒരു സ്പീക്കർ എടുത്ത നിലപാട് അടുത്ത സ്പീക്കർ അംഗീകരിക്കും. അതുകൊണ്ടാണല്ലോ കീഴ്വഴക്കം നോക്കിയിട്ട്....

മി. സ്പീക്കർ: അങ്ങ് ചർച്ച ചെയ്ത് സ്പീക്കർ എടുത്ത നിലപാടാണ് എന്ന നിലയ്ക്കാണ് എത്തിക്കുന്നത്.

ഡോ. എം. കെ. മുനീർ: സർ, സ്പീക്കറാണ് അന്ന് കേസ് കൊടുത്തിട്ടുള്ളത്.

മി. സ്പീക്കർ: അത് അല്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇവിടെ പറഞ്ഞു. സ്പീക്കർ ഒരു പരാതിയും നൽകിയിട്ടില്ല. സ്പീക്കറുടെ പരാതിയുടെ മുകളിൽ പുതിയ സ്പീക്കർ മാറ്റം വരുത്തിയിട്ടില്ല. അങ്ങനെ ഒരു ചർച്ച സഭയിൽ കൊണ്ടുവരാൻ പാടില്ല, ദയവായി അത് പറയരുത്. ഇത് ചർച്ചയല്ല, വാക്കൗട്ട് പ്രസംഗം എന്ന് പറയുന്നത് നിങ്ങളുടെ പ്രതിഷേധം അവതരിപ്പിക്കാൻ വേണ്ടി മാത്രമാണുള്ളത്.

ഡോ. എം. കെ. മുനീർ: സർ, സ്പീക്കർക്കുവേണ്ടിയാണ് ആ പരാതി നൽകിയിരിക്കുന്നത്. സ്പീക്കറുടെ സെക്രട്ടറി പരാതി കൊടുത്തുവെന്ന് പറഞ്ഞാൽ സ്പീക്കർക്കുവേണ്ടി കൊടുക്കുന്നതല്ലേ? ഗവൺമെന്റ് ഇങ്ങനെയൊരു തീരുമാനം എടുത്താലും ഇതിന്റെ decorum തകർത്തിട്ടുള്ളവരുടെ പേരിലുള്ള നടപടി പിൻവലിക്കാൻ സ്പീക്കർ എന്ന നിലയിൽ അങ്ങ് ഒരിക്കലും അനുവദിക്കാൻ

പാടില്ലായെന്നുള്ളതാണ്. Section 321 പിൻവലിക്കുക എന്നത് നിസ്സാരമായ കാര്യമല്ല. അതിന് ചില കാര്യങ്ങൾ കൃത്യമായി അവിടെ അറിയിച്ചിട്ടില്ലെങ്കിൽ ഒരു തരത്തിലും അംഗീകരിക്കാൻ കഴിയില്ലായെന്നുള്ളതാണ്. പബ്ലിക് പ്രോസിക്യൂട്ടർ കോടതി ഉദ്യോഗസ്ഥൻ എന്ന നിലയ്ക്ക് അദ്ദേഹം കോടതിയോടാണ് കൂടുതൽ കടപ്പെട്ടിരിക്കുന്നത്, അല്ലാതെ ഗവൺമെന്റിനോടല്ല. Section 321 അദ്ദേഹം പിൻവലിക്കുമ്പോൾ അഞ്ച് കാര്യങ്ങൾ പരിശോധിക്കേണ്ടതുണ്ട്. അക്കാര്യങ്ങളൊന്നും ഞാൻ വായിക്കുന്നില്ല. അഡ്വക്കേറ്റ് കാളീശ്വരരാജ് എഴുതിയിട്ടുള്ള ലേഖനത്തിൽ അഞ്ച് കാരണങ്ങളുണ്ടെങ്കിൽ മാത്രമേ കേസ് പിൻവലിക്കാൻ സാധിക്കുവെന്നാണ്. ആ അഞ്ച് കാരണങ്ങളും ഇതിൽ ഇല്ലായെന്നുള്ളതാണ് സത്യം. പ്രസ്തുത ലേഖനം വായിച്ച് നോക്കിയാൽ അറിയാം. അതുകൊണ്ട് ആ കേസ്സിൽ വിഷ്വൽസ് പരിശോധിച്ചതിനുശേഷം സ്ത്രീകളെ അപമാനിക്കുന്ന എന്തെങ്കിലും അതിനകത്ത് ഉണ്ടെങ്കിൽ ഈ പറഞ്ഞത് മുഴുവനും പിൻവലിക്കാൻ തയ്യാറാണ്. അതേസമയം ഈ പറഞ്ഞ ആറ് ആളുകൾ ഇവിടെ ആക്രമണങ്ങൾ നടത്തിയതിന്റെ ഫലമായി സംഭവിച്ച നഷ്ടം ഇവരുടെ കയ്യിൽ നിന്നും ഈടാക്കുകയാണ് ചെയ്യേണ്ടത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും

സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ബഹുമാനപ്പെട്ട മുൻ എം.എൽ.എ. ആയ ശ്രീമതി ജമീലാ പ്രകാശം അന്നത്തെ എം.എൽ.എ.മാരായ ശ്രീ. കെ. ശിവദാസൻ നായർക്കും ശ്രീ. ഡൊമിനിക് പ്രസന്റേഷനും എതിരായി ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിന് നൽകിയ പ്രൈവറ്റ് അന്യായത്തിന്റെ കോപ്പിയാണിത്. അതിന്റെ ഭാഗമായി u/s. 341, 354 r/w. Section 34 IPC പ്രകാരം കേസ് എടുത്തിട്ടുണ്ട്. ഇവർ ബഹുമാനപ്പെട്ട അന്നത്തെ സ്പീക്കർക്ക് എഴുതി കൊടുത്തത്, ഞങ്ങളെ മാനഭംഗപ്പെടുത്തി, ബലാൽസംഗമല്ല, അത് Section 376 ആണ്. ഞങ്ങളെ അധിക്ഷേപിച്ചു, പോടി എന്ന് വിളിച്ചു, നിന്റെ നാടാനെ പോയി വിളിച്ചുകൊണ്ടുവാടി എന്നൊക്കെ പറഞ്ഞു എന്നാണ്. ഇതെല്ലാം പ്രൈവറ്റ് അന്യായത്തിന്റെ ഭാഗമായി cognizance എടുത്തു. അന്നത്തെ സ്പീക്കർ എന്തുകൊണ്ട് നടപടി സ്വീകരിച്ചില്ല; നിങ്ങൾ ഇവിടെ നടന്ന സംഭവത്തെക്കുറിച്ച് പറയുന്നുണ്ടല്ലോ; ഇവിടെ നടന്ന സംഭവത്തെക്കുറിച്ച് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് cognizance എടുത്തല്ലോ; സ്ത്രീകളുടെ പരാതിയിന്മേൽ കേസ് എടുക്കാൻ അന്നത്തെ ബഹുമാനപ്പെട്ട സ്പീക്കർക്ക് എന്തുകൊണ്ട് കഴിഞ്ഞില്ല; നിങ്ങൾ എന്തുകൊണ്ടാണ് ഏകപക്ഷീയമായി കേസ്സെടുക്കാൻ ശിപാർശ നൽകിയത്; ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് ഇപ്പോൾ കേസ് എടുത്തല്ലോ?

ഡോ. എം. കെ. മുനീർ: സർ, കോടതി കേസ് എടുത്തിട്ടുണ്ടെങ്കിൽ അതിന്മേൽ എന്ത് നടപടി വരുന്നോ അതനുസരിച്ച് ആരായാലും മുഖം നോക്കാതെ ശിക്ഷ നേരിടുന്നതിനുവേണ്ടി അതിന്റെ കൂടെ നിൽക്കാൻ പ്രതിപക്ഷം എന്ന നിലയിൽ തയ്യാറാണ്. വിഷ്വലായി കണ്ടിട്ടുള്ള കാര്യങ്ങളിന്മേലാണ് ഈ കേസ് എടുത്തിരിക്കുന്നത്. പറഞ്ഞു എന്ന് പറയുന്ന കാര്യത്തെ സംബന്ധിച്ച് ഏത് രീതിയിൽ എടുക്കണമെന്നുള്ളത് തീരുമാനിക്കേണ്ടത് സ്പീക്കറാണ്. പറഞ്ഞു കേൾക്കുന്ന കാര്യം ഏത് രീതിയിൽ എടുക്കണമെന്നുള്ളത് സ്പീക്കറുടെ വിവേചനാധികാരമാണ്. ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയിൽ ബഡ്ജറ്റ് അവതരിപ്പിക്കാൻപോലും സമ്മതിക്കാതെ...(ബഹളം)... ചരിത്രത്തിലുണ്ടോ ഇങ്ങനെയൊരു കാര്യം. എല്ലാ മാധ്യമങ്ങളും പരിശോധിച്ചാൽ മനസ്സിലാകും. പ്രഗത്ഭരായ ആളുകൾ, സാമൂഹിക സാംസ്കാരിക നായകന്മാർ ഞെട്ടലോടുകൂടിയാണ് കേസ് പിൻവലിക്കുന്നതിനെക്കുറിച്ച് പ്രതികരിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് ഇതിന്റെ decorum, മാന്യത, ഈ സഭയുടെ അന്തസ്സ് കാത്തുസൂക്ഷിക്കുന്നതിനുവേണ്ടി കേസ് പിൻവലിക്കാനുള്ള തീരുമാനത്തിൽ നിന്ന് ഗവൺമെന്റ് പിന്തിരിയണമെന്ന ആവശ്യം മുഖവിലയ്ക്ക് എടുക്കാത്തതുകൊണ്ട് ഞാനും എന്റെ കക്ഷിയും ഇറങ്ങിപോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽ നിന്ന് പുറത്തുപോയി.)

ശ്രീ. കെ. എം. മാണി: സർ, നിയമസഭയിലുണ്ടായ അനിഷ്ട സംഭവങ്ങളെയും പൊതുമുതൽ നശിപ്പിക്കപ്പെട്ട കാര്യത്തെയും അടിസ്ഥാനമാക്കി നിലനിൽക്കുന്ന കേസ് പിൻവലിക്കാനുള്ള ഗവൺമെന്റിന്റെ തീരുമാനം വളരെ അധിക്ഷേപാർഹമായ കാര്യമാണ്. എക്സിക്യൂട്ടീവ്, ജുഡീഷ്യറി, സെപ്പറേഷൻ ഓഫ് പവേഴ്സ് എന്നിവയുടെ അടിസ്ഥാനത്തിൽ നിയമസഭയിൽ എന്തുമാകാം, ക്രിമിനൽ നടപടി പാടില്ല എന്നുള്ള ധ്വനിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവനയിലുള്ളത്. അത് ഒട്ടും ശരിയല്ല. ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റ് അവതരിപ്പിക്കാൻ വരുമ്പോൾ പ്രവേശന കവാടത്തിൽ വച്ച് തടയുകയും അദ്ദേഹത്തെ intimidate ചെയ്യുകയും ചെയ്താൽ അത് ക്രൈം അല്ലേ; അതിനെതിരെ നടപടി പാടില്ലെന്ന് പറയുന്നത് ശരിയാണോ; ഇതൊരു തെറ്റായ മെസ്സേജല്ലേ? ഡോ. ടി. എം. തോമസ് ഐസക് ശ്രദ്ധിക്കണം. ഈ കേസ് പിൻവലിക്കുന്നതിനകത്ത് ഒരു ഒളിയമ്പുണ്ട്. ഭാവിയിൽ ധനകാര്യ വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് ബഡ്ജറ്റ് അവതരിപ്പിച്ചാൽ എന്ത് എതിർപ്പും അഴിഞ്ഞാട്ടവും ഇവിടെ നടത്താം, കേസ്സില്ല എന്നുള്ളതാണ് ഇതിന്റെ മെസ്സേജ്. ഇതുണ്ടാകാൻ പാടില്ല. ഇനിയും ഇത്

ആവർത്തിക്കാനുള്ള പ്രേരണയാണിത്. അങ്ങ് നീതിനിഷ്ഠനായ ഒരു സ്പീക്കറാണ്. ഈ കേസ് പിൻവലിക്കാൻ അനുവാദം നൽകരുത്. ഗവൺമെന്റ് ഒരിക്കലും ഈ കേസ് പിൻവലിക്കാൻ പാടില്ല. ഞാൻ കൂടുതലൊന്നും പറയുന്നില്ല. തെറ്റായ ഈ നടപടി എടുക്കരുതെന്നു മാത്രമേ പറയുന്നുള്ളൂ. ഗവൺമെന്റിന്റെ ഈ നിലപാടിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ കക്ഷിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീ. അനൂപ് ജേക്കബ്</u>: സർ, നമ്മുടെ നിയമസഭ ലോകത്തിനുമുമ്പിൽ തലകുനിച്ച ഒരു ദിവസമായിരുന്നു 2015 മാർച്ച് 13. ഏറ്റവും മോശമായ ഒരു സാഹചര്യം അന്ന് ഈ നിയമസഭയിൽ അരങ്ങേറിയെന്നുള്ളത് സഭയ്ക്ക് മാത്രമല്ല കേരളത്തിനുതന്നെ അപമാനമായി മാറിയ ഒന്നാണ്. ഏകദേശം രണ്ട് ലക്ഷം രൂപയുടെ പൊതുമുതൽ നശിപ്പിക്കപ്പെട്ടു എന്നാണ് ആ കേസിലുള്ളത്. നിയമസഭയുടെ അകത്ത് നടക്കുന്ന കാര്യങ്ങൾക്ക് സംരക്ഷണമുണ്ടെന്ന നിലയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് വളരെ നിർഭാഗ്യകരമായിപ്പോയി. ഇവിടെ തെളിവുകൾ ധാരാളമുണ്ട്. മഹാരാഷ്ട്രയിലെ നിയമസഭാ സാമാജികനെതിരെ കോടതിയെടുത്ത നടപടികൾ ഇവിടെ പരാമർശിക്കപ്പെടുകയുണ്ടായി.

അത്തരത്തിലുള്ള പ്രീസീഡൻസുകൾ നമ്മുടെ രാജ്യത്തുണ്ട്. ഒരു ക്രിമിനൽ ഒഫൻസ് നടന്നാൽ അതിന് സംരക്ഷണമുണ്ടാകുന്നുവെന്ന നിലയിലുള്ള വ്യാഖ്യാനം ഈ കേസ് പിൻവലിക്കുന്നതിലൂടെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വരുന്ന എന്നുള്ളത് ശരിയല്ല. ഇക്കാര്യത്തിൽനിന്ന് ഗവൺമെന്റ് പിന്മാറണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

ശ്രീ. ഒ. രാജഗോപാൽ: സർ, നിയമസഭയുടെ ഗരിമയെ സംബന്ധിച്ച അടിസ്ഥാന പ്രശ്നമാണിത്. അതിന് വളരെയേറെ പ്രാധാന്യമുള്ളതാണ്. ഭരണഘടന അനുസരിച്ചാണ് മുഖ്യമന്ത്രിയും മന്ത്രിമാരുമൊക്കെ സത്യപ്രതിജ്ഞ ചെയ്യുന്നത്. ഭരണഘടന അനുസരിച്ച് എല്ലാവരെയും തുല്യമായ രീതിയിൽ ഞങ്ങൾ കൈകാര്യം ചെയ്യുമെന്നുള്ളതാണ് അതിന്റെ അടിസ്ഥാന തത്വം. അതിന് കടകവിരുദ്ധമായ രീതിയിൽ സ്വന്തം പാർട്ടിക്കാരാണെന്നുള്ളതുകൊണ്ട് അവരെ രക്ഷപ്പെടുത്താനായി ഭരണഘടനയ്ക്ക് വിരുദ്ധമായ രീതിയിൽ പ്രവർത്തിക്കുന്ന ഒരു സമീപനം സർക്കാർ സ്വീകരിക്കുന്നു. നിയമ ഭരണത്തിനല്ല, പാർട്ടി ഭരണത്തിനാണ്

പ്രാധാന്യം നൽകുന്നതെന്നുള്ള അടിസ്ഥാനപരമായ കാരണങ്ങൾകൊണ്ട് ഞാൻ ഈ നടപടിയെ ശക്തമായി എതിർക്കുന്നു. ഇക്കാര്യം ചർച്ച ചെയ്യാൻ അനുവാദം നൽകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ഒ. രാജഗോപാൽ സഭ വിട്ട് പുറത്തുപോയി.)

(സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി)